www.malankaralibrary.com


# REEHO D'EVANGELION

## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം വാല്യം : 11 ലക്കം : 1 ജൂലായ് 2025 പേജ് 12 ത്രൈമാസിക




## പരി. ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പും ചില നവചിന്തകളും


**ആർച്ച് ബിഷപ്പ് ജോർജ് പനംതുണ്ടിൽ**
അപ്പസ്തോലിക് നുൺഷ്യോ
ഖസാക്കിസ്ഥാൻ, കിർഖിസ്ഥാൻ, താജിഖിസ്ഥാൻ


ആഗോളകത്തോലിക്കാ സഭയുടെ 267-ാമത്തെ പരമാചാര്യസ്ഥാനത്തേക്കുള്ള പരിശുദ്ധ ലിയോ പതിനാലാമൻ പാപ്പായുടെ തെരഞ്ഞെടുപ്പ് തിരുസഭാ ജീവിതത്തിൽ ഒരു നവയുഗം തുറന്നിരിക്കുകയാണ്. പരി. പിതാവിന്റെ തെരഞ്ഞെടുപ്പും പിതാവിന്റെ തിരുസഭയെ സംബന്ധിച്ച കാഴ്ചപാടുകളും മറ്റും ലോകവും സഭയും വളരെയധികം ഉറ്റുനോക്കുന്ന വസ്തുതകളാണ്. ഖസാക്കിസ്ഥാൻ, കിർഖിസ്ഥാൻ, താജിഖിസ്ഥാൻ എന്നീ രാജ്യങ്ങളിലെ പരി.മാർപ്പാപ്പയുടെ അപ്പസ്തോലിക പ്രതിനിധി എന്ന നിലയിൽ ഞാൻ നേരിട്ട് കണ്ട അനുഭവങ്ങൾ, ചിന്തകൾ, ബോധ്യങ്ങൾ ചില പ്രസക്തമായ ചോദ്യങ്ങൾക്ക് ഉത്തരമായി ഇവിടെ പങ്കുവയ്ക്കുകയാണ്.

**1. എന്താണ് പുതിയ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പിന്റെ നവമാനങ്ങൾ ?**

2025 മെയ് 8ന് നടന്ന പരിശുദ്ധ ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പ് സഭ മുഴുവനും, പ്രത്യേകിച്ച് ഖസാക്കിസ്ഥാനിലും മധ്യേഷ്യയിലുടനീളവും, സഭാത്മകവും ആഴമായ ആത്മീയ പ്രാധാന്യവുമുള്ള ഒരു സംഭവമാണ്. അപ്പസ്തോലിക് നുൺഷ്യോ എന്ന നിലയിൽ, കോൺക്ലേവ് വളരെയേറെ ദൈവികത നിറഞ്ഞതായിരുന്നു എന്ന് കാര്യം എന്നെ വളരെയേറെ സ്പർശിച്ചു. കാരണം ദൈവജനത്തോടുള്ള അജപാലന സമീപനം, ദീർഘകാല മിഷനറി സേവനം, ദൈവശാസ്ത്രപരമായ ജ്ഞാനത്തിന്റെ വിശാലത, ഇവയാൽ ശ്രദ്ധേയനായ കർദ്ദിനാൾ റോബർട്ട് ഫ്രാൻസിസ് പ്രെവോസ്റ്റിനെ തെരഞ്ഞെടുക്കാൻ വളരെ വേഗം പരിശുദ്ധാത്മാവ് കർദ്ദിനാൾമാരെ നയിച്ചു എന്നതിലാണ് ആ ദൈവീകത ഞാൻ കാണുന്നത്.

പുതിയ പരിശുദ്ധ പിതാവിന്റെ ലിയോ പതിനാലാമൻ എന്ന പേര് ഇക്കാലഘട്ടത്തിൽ വളരെ അർത്ഥവത്തായി തോന്നുന്നു. കാരണം, അസാധാരണമായ വാക്ചാതുര്യത്തോടെയും ആധികാരികതയോടും കൂടി ക്രൈവസ്തവ വിശ്വാസത്തെ പ്രതിരോധിച്ച മഹാചാര്യനായിരുന്നു മഹാനായ ലിയോ പതിമൂന്നാമൻ മാർപ്പാപ്പ. ആധുനിക ലോകവുമായുള്ള കത്തോലിക്കാ സഭയുടെ സമൂഹ്യദർശനങ്ങളെ രൂപപ്പെടുത്തുന്നതിൽ ഇന്നും മാർഗ്ഗരേഖയായി നിലകൊള്ളുന്ന ചാക്രികലേഖനങ്ങളിലൂടെ തിരുസഭയെ പ്രബോധിപ്പിച്ച പാപ്പായാണ് പരി. ലിയോ പതിമൂന്നാമൻ. അദ്ദേഹത്തിന്റെ പിൻഗാമിയാകുവാനുള്ള ധൈര്യത്തെയും നിശ്ചയധാർഢ്യത്തെയും ധ്വനിപ്പിക്കുന്നതാണ് പരിശുദ്ധ പിതാവിന്റെ ലിയോ പതിനാലാമൻ എന്ന പേര്. സംസ്കാരങ്ങളുടെയും മത പാരമ്പര്യങ്ങളുടെയും സമ്പന്നമായ വൈവിധ്യമാണ് നമ്മുടെ ദേശങ്ങൾക്കുള്ളത്. ഈ വൈവിധ്യങ്ങളുടെ മധ്യത്തിലാണ് എളിമയോടെയും ഉറച്ച ദൃഢനിശ്ചയത്തോടെയും സഭ സഞ്ചരിക്കുന്നത്. ഈ യാഥാർത്ഥ്യങ്ങളെക്കുറിച്ച് നന്നായി അറിവുള്ള പാപ്പായുടെ ഈ തെരഞ്ഞെടുപ്പ് അതിനാൽതന്നെ നവീനവും ഊർജ്ജസ്വലവുമായ പ്രോത്സാഹനം നമുക്ക് നൽകുന്നു. നമ്മുടെ ദൗത്യത്തിന്റെ ഹൃദയത്തോട് ചേർന്നുനിൽക്കുന്നതിൽ എറ്റവും പ്രാധാന്യം നല്കേണ്ട കാര്യങ്ങളായ സംവാദം, സമാധാനം, ആത്മീയ നവീകരണം, എന്നിവയ്ക്ക് ഊന്നൽ നൽകുവാൻ സാധ്യതയുള്ള ഒരു മഹാചാര്യ ആത്മീയ നേതൃത്വത്തെയാണ് ഈ നാമം ഒരു പക്ഷേ സൂചിപ്പിക്കുന്നത്. 'നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ!' എന്ന പരി. പിതാവിന്റെ ആദ്യ വാക്കുകൾ ഈ ആത്മീയ നേതൃത്വത്തെ ഊന്നി പറയുന്നവയാണ്.

ഖസാക്കിസ്ഥാൻ, കിർഖിസ്ഥാൻ, താജിഖിസ്ഥാൻ എന്നീ രാജ്യങ്ങളിലെ പരിശുദ്ധ പിതാവിന്റെ പ്രതിനിധി എന്ന നിലയിൽ, പാശ്ചാത്യ-പൗരസ്ത്യ സഭകളിലെ പുരോഹിതർ, സന്യസ്തർ, അത്മായ വിശ്വാസികൾ എന്നിവർ ഈ വാർത്തയെ എത്ര

*(തുടർച്ച 2-ാം പേജിൽ)*






## പ്രത്യാശയുടെ തീർത്ഥാടകർ:
### ജൂബിലി വർഷത്തിൽ കരുണയ്ക്കും നവീകരണത്തിനും വേണ്ടിയുള്ള ആഹ്വാനം


**ഫാ. ജോളി കരിമ്പിൽ**
വൈസ് റെക്ടർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി
തിരുവനന്തപുരം


ഫ്രാൻസിസ് മാർപ്പാപ്പ 2024 മെയ് മാസം ഒൻപതാം തീയതി "Spes Non Confundit' (പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല) എന്ന സ്ഥാപന ബൂള വഴിയായി 2025-ൽ വരാനിരുന്ന ജൂബിലിവർഷം പ്രഖ്യാപിക്കുകയുണ്ടായി. 2024-ലെ ക്രിസ്തുമസ് സന്ധ്യയിൽ വത്തിക്കാനിലെ വി. പത്രോസിന്റെ ബസിലിക്കയിലെ വിശുദ്ധ വാതിൽ തുറന്നുകൊണ്ട് പരിശുദ്ധപിതാവ് ഈ സാധാരണ ജൂബിലി ഉദ്ഘാടനം ചെയ്തു. ഈ ജൂബിലിവർഷത്തിന്റെ 'പ്രത്യാശയുടെ തീർത്ഥാടകർ' എന്ന പ്രമേയം തികച്ചും കാലോചിതമായ ഒന്നാണ്, കാരണം സാർവത്രിക വെല്ലുവിളികളായ യുദ്ധങ്ങളുടെയും, അഭയാർത്ഥി പ്രശ്നങ്ങളുടെയും തൊഴിലില്ലായ്മയുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയുമൊക്കെ മധ്യത്തിൽ പ്രത്യാശ അത്യാവശ്യമുള്ളവരാണ് ഇന്നത്തെ ജനങ്ങൾ. നമ്മുടെ രക്ഷയുടെയും (യോഹ. 10:7-9) പ്രത്യാശയുടെയും (1തിമോ. 1:1) വാതിലായ ക്രിസ്തുവിന്റെ ആധികാരികമായ ഒരു മുഖാഭിമുഖദർശന അനുഭവത്തിലേക്കാണ് ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ക്ഷണിച്ചത്.

ദൈവത്തിന്റെ സ്നേഹനിർഭരമായ കരുണയെ അനുഭവിക്കുവാനും ആഘോഷിക്കുവാനുമുള്ള സമയമാണ് ഈ ജൂബിലിവർഷം, ഇത് വിശ്വാസികളെ അനുതാപത്തിലേക്കും ആദ്ധ്യാത്മിക നവീകരണത്തിലേക്കും ക്രിസ്തുവിലും അവിടുത്തെ സുവിശേഷത്തിലുമുള്ള ആനന്ദത്തിലേക്കും ക്ഷണിക്കുന്നു. ഇത് വ്യക്തിപരമായ നവീകരണത്തിൽ നിന്ന് സമൂഹത്തിന്റെ പ്രത്യുത്തരത്തിലേക്ക് കടന്നുചെല്ലുന്നു, മറ്റുള്ളവരിലേക്ക് കരുണ നൽകാനും അതുവഴി ക്രിസ്തീയമായ പ്രത്യാശയുടെ സത്തയെ പ്രതിഫലിപ്പിക്കുവാനും ഇത് വിശ്വാസികളെ ക്ഷണിക്കുന്നു. "Spes Non Confundit' എന്ന പ്രമാണരേഖ

*(തുടർച്ച 4-ാം പേജിൽ)*

### ഉൾപേജുകളിൽ


| | |
|---|---|
| സുവിശേഷ സംഘം പ്രോഗ്രാമുകൾ | 2 |
| പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ് | 3 |
| മുഖമൊഴി, ധ്യാനചിന്ത | 5 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 6, 7 |
| ത്രിപുര മിഷൻ, വചനപ്രഘോഷണപരിശീലനം | 8 |
| തേൻകനികോട്ടൈമിഷൻ | 9 |
| അനുഭവ സാക്ഷ്യം | 9, 11 |
| മാർപാപ്പ സംസാരിക്കുന്നു | 12 |

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

അഗാധമായ സന്തോഷത്തോടെ സ്വീകരിച്ചു എന്ന് ഞാൻ കണ്ടു. ലിയോ പതിനാലാമൻ മാർപ്പാപ്പായെ വി. പത്രോസിന്റെ പരമാചാര്യ ശുശ്രൂഷയിൽ സ്ഥിതീകരിക്കുവാനും നില നിർത്തുവാനുമായി പരിശുദ്ധാത്മാവിന്റെ കൃപയ്ക്കായി നാമെല്ലാവരും പ്രാർത്ഥിച്ചു, അനുഗ്രഹങ്ങൾക്കായി നന്ദികളർപ്പിച്ചു! ഫ്രാൻസിസ് മാർപ്പാപ്പയുടെ പൈതൃകത്തിന് നന്ദി പറഞ്ഞുകൊണ്ട് നടത്തിയ പാപ്പായുടെ ഉദ്ഘാടന സന്ദേശം ഏറെ ഹൃദയസ്പർശി യായിരുന്നു. ദൈവത്തിന്റെ സ്നേഹത്തിൽ വേരൂന്നിയതും, സ്ഥിരോത്സാഹമുള്ളതും, നിരുപാധികവുമായ സമാധാനത്തിന് അദ്ദേഹം മുൻതുക്കം നൽകുന്നു. ഐക്യത്തിനും പരസ്പര പിന്തുണയ്ക്കും, എല്ലാ ജനതകൾക്കിടയിലും പാലങ്ങൾ പണിയുന്നതിനും ആഹ്വാനം ചെയ്തു കൊണ്ടുള്ള പാപ്പായുടെ ഉദ്ഘാടന സന്ദേശം ഫ്രാൻസിസ് മാർപ്പാപ്പയുടെ ദർശനങ്ങളുടെ പിൻതുടർച്ചയേയും സുചിപ്പിക്കുന്നതാണ്. കുടാതെ "സുവിശേഷവൽക്കരണം", "പ്രത്യാശ", 'മനുഷ്യരെ പിടിക്കുന്നവർ' എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അഭ്യർത്ഥിച്ചു. ക്രിസ്തുവിന്റെ അനുയായികളായി ഭയമില്ലാതെ ഒരുമിച്ച് മുന്നോട്ട് പോകാൻ പ്രോത്സാഹിപ്പിച്ചു. ഇവയെക്കെ ലോകം മുഴുവനിലും പ്രത്യേകിച്ചും കസാക്കിസ്ഥാൻ, കിർഗിസ്ഥാൻ, താജിക്കിസ്ഥാൻ എന്നീ സ്ഥങ്ങളിൽ നാം നേരിടുന്ന വെല്ലുവിളികളെ ശക്തമായി പ്രതിധ്വനിപ്പിക്കുന്നു.

സിന്റെ പിൻഗാമിയായി മാത്രമല്ല, ക്രിസ്തുവിൽ ഉറച്ചുനിൽക്കുന്നതും ലോകത്തിലേക്കു തുറന്നതും, മിഷനറി സ്നേഹത്താൽ നിറഞ്ഞതുമായ ഒരു യഥാർത്ഥ ആത്മീയ പിതാവായി എനിക്ക് തോന്നി.

**2. സഭയ്ക്കുള്ളിൽ പുതിയ മാർപ്പാപ്പയുടെ സ്വാധീനം എന്തായിരിക്കും?**

സഭ ക്രിസ്തുവിന്റെ മൗതീക ശരീരമാണ്. അവൾ ഏതാനും വ്യക്തികളാലോ നയങ്ങളാലോ നയിക്കപ്പെടുന്ന കേവലം മനുഷ്യ നിർമ്മിതമായ സ്ഥാപനമല്ല, മറിച്ച് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു ദിവ്യ കൂട്ടായ്മയാണ്. അതിനാൽ, ഒരു 'പുതിയ പോപ്പ്' എന്ന് പറയുമ്പോൾ, അധികാരത്തിലോ പ്രത്യയശാസ്ത്രത്തിലോ ഉള്ള മാറ്റത്തെക്കുറിച്ചല്ല, മറിച്ച്, സേവിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനും വിളിക്കപ്പെട്ട ദൈവഭവനത്തിലെ ഒരു പുതിയ കാര്യസ്ഥനെക്കുറിച്ചാണ് നാം സംസാരിക്കുന്നത് എന്ന് ഓർമ്മിക്കാം. ഈ വീക്ഷണകോണിൽ നിന്നും നോക്കുമ്പോൾ ഉയരുന്ന ചോദ്യങ്ങൾ, അദ്ദേഹത്തിന്റെ സ്വാധീനത്തെക്കുറിച്ചല്ല, മറിച്ച് നമ്മുടെ വിശ്വസ്തതയെക്കുറിച്ചാണ്. ലോകമെമ്പാടുമുള്ള നമ്മെ ഓരോരുത്തരെയും സംബന്ധിച്ച്, പുരോഹിതരായാലും സന്യസ്തരായാലും സാധാരണക്കാരായാലും, ലിയോ പതിനാലാമൻ പാപ്പയുടെ തെരഞ്ഞെടുപ്പ് നല്കുന്നത് പുതിയ ക്ഷണമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളാകുക എന്നതിന്റെ അർത്ഥത്തെക്കുറിച്ചുള്ള നമ്മുടെ അവബോധം പുതുക്കുവാനുള്ള ക്ഷണം.



മലങ്കര കത്തോലിക്കാ സഭയുടെ പുത്രനായ എന്നിൽ, പരിശുദ്ധ പിതാവിന്റെ തെരെഞ്ഞെടുപ്പ് കത്തോലിക്കാ കൂട്ടായ്മയുടെ സാർവത്രിക സ്വഭാവത്തെ വീണ്ടും ഊട്ടിയുറപ്പിക്കുന്ന അവസരമാണ്. കേരളം മുതൽ കരഗണ്ടവരെയും, അസ്താന മുതൽ റോം വരെയും, വി.പത്രോസിന്റെ പിൻഗാമിയെ ചുറ്റിപ്പറ്റിയാണ് നാം ഐക്യപ്പെടുന്നത്. ലിയോ പതിനാലാമൻ മാർപ്പാപ്പയിൽ, ക്രിസ്തുവിന്റെ വികാരിയെ മാത്രമല്ല, കേൾക്കുകയും, വിവേചിക്കുകയും, പിതൃഹൃദയത്തോടെ നമ്മെ നയിക്കുകയും ചെയ്യുന്ന ഒരു ഇടയനെയും നാം തിരിച്ചറിയുന്നു.

പരിശുദ്ധ പിതാവ് തെരഞ്ഞെടുക്കപ്പെട്ടതിന് ശേഷം എതാനും നാളുകൾക്കുള്ളിൽ, ജൂൺ 10-ന്, അദ്ദേഹത്തിന്റെ പരിശുദ്ധിയെ നേരിട്ട് കാണാൻ എനിക്ക് അഗാധമായ കൃപ ലഭിച്ചു. ഏറെ മനോഹരവും വികാരഭരിതവുമായ ഒരു കൂടിക്കാഴ്ചയായിരുന്നു അത്. അദ്ദേഹം എത്ര ശ്രദ്ധയോടെ നമ്മെ കേൾക്കുന്നു, എത്ര ആത്മാർത്ഥമായി ചോദ്യങ്ങൾ ചോദിക്കുന്നു എന്ന കാര്യം എന്നെ ഏറെ അത്ഭുതപ്പെടുത്തി. കേവലം ഏതാനും വിവരങ്ങൾ ലഭിക്കുവാൻ വേണ്ടി മാത്രമല്ല മറിച്ച്, ഹൃദയങ്ങളെ മനസ്സിലാക്കുവാനാണ് പിതാവ് നമ്മോട് സംസാരിക്കുന്നത്. അദ്ദേഹത്തിന്റെ സാന്നിധ്യം സൗമ്യമാണ്, പക്ഷേ പ്രൗഢവും ശക്തവുമാണ്. മാത്രമല്ല, അദ്ദേഹത്തിന്റെ കണ്ണുകളിൽ ആഴത്തിലുള്ള ഒരു ആന്തരിക വെളിച്ചമുണ്ട്. ആ കൂടിക്കാഴ്ചയിൽ, പത്രോ

സുവിശേഷത്തോടുള്ള നമ്മുടെ പ്രതികരണത്തെ അദ്ദേഹം മാറ്റി സ്ഥാപിക്കുന്നില്ല. എന്നാൽ പരിശുദ്ധ പിതാവിന്റെ വിശ്വാസത്തിൽ നമ്മെ, സ്ഥിതീരിക്കുന്നു, ഉറപ്പിക്കുന്നു, പ്രചോദിപ്പിക്കുന്നു. ഈ അർത്ഥത്തിൽ, പുതിയ മാർപ്പാപ്പയുടെ യഥാർത്ഥ 'സ്വാധീനം' നമ്മൾ ഓരോരുത്തരും ക്രിസ്തുവിനെ എങ്ങനെ പുതുതായി ശ്രദ്ധിക്കുന്നു എന്നതിലും പരസ്പരം നമ്മുടെ കൂട്ടായ്മയെ ആഴത്തിലാക്കുന്നു, നമ്മുടെ പ്രാദേശിക സഭയിൽ സാക്ഷ്യം വഹിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലുമാണ്. പ്രത്യേകിച്ച് കത്തോലിക്കാസഭയുടെ സാന്നിധ്യം ചെറുതാണെങ്കിലും വിശ്വാസസാക്ഷ്യത്താൽ സജീവമായ ഈ നാട്ടിൽ. പുതിയ പരിശുദ്ധ പിതാവിന്റെ ശബ്ദം നല്ല ഇടയന്റെ ശബ്ദത്തെ നമുക്കിടയിൽ പ്രതിധ്വനിപ്പിക്കുന്നുണ്ട്. എന്നാൽ ആട്ടിൻ കൂട്ടത്തിലെ വിശ്വസ്ത ആടുകളായി പ്രതികരിക്കേണ്ടത് നമ്മളോരോരുത്തരുടേയും കടമയാണ്.

**3. പുതിയ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പിനുശേഷം ലോകം വത്തിക്കാനെ എങ്ങനെ നോക്കികാണുന്നു?**

ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ തെരഞ്ഞെടുപ്പിനെ ലോകം ആദരവോടെയും ബഹുമാനത്തോടെയും നോക്കിക്കാണുന്നു. 170-ൽ അധികം രാജ്യങ്ങളിൽ നിന്നുള്ള കർദ്ദിനാൾമാരുടെ സംഘം വളരെ കുറഞ്ഞ

(തുടർച്ച 8-ാം പേജിൽ)

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. ആന്റണി മാർ സിൽവാനോസ്
**ചീഫ് എഡിറ്റർ**
റവ. ഫാ. ബനഡിക്ട് മൂഴിക്കര OIC
**മാനേജിംഗ് എഡിറ്റർ**
റവ. ഡോ. സി. മേരി പ്രസാദ് DM
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

## മലങ്കര കത്തോലിക്കാ സുവിശേഷ സംഘം
## 2025 ജനുവരി - ജൂലൈ മാസങ്ങളിലെ പ്രോഗ്രാമുകൾ

| | |
|---|---|
| **ജനുവരി** | |
| 4-5 | അടൂർ, വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, അടൂർ |
| 7 | ഇടക്കര-നിലമ്പൂർ ജില്ലാ കൺവെൻഷൻ, സുവിശേഷസന്ധ്യ, ചുങ്കത്തറ |
| 11-12 | പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, പാറശാല |
| 18-19 | പത്തനംതിട്ട സുവിശേഷസംഘം-4 പരിശീലനം-3, ഓമല്ലൂർ |
| 25-26 | ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, ചെറിയനാട് |
| **ഫെബ്രുവരി** | |
| 1-2 | തിരുവല്ലാ വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, തിരുവല്ലാ |
| 8-9 | പിറവം വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, പിറവം |
| 16 | നെടുമങ്ങാട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, നെടുമങ്ങാട് |
| 22-23 | മാവേലിക്കര, കറ്റാനം, വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, കരിമുളക്കൽ |
| 26 | പത്തനംതിട്ട സുവിശേഷസംഘം-4 പരിശീലനം-3, ഓമല്ലൂർ |
| **മാർച്ച്** | |
| 1-2 | കൊട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, ചെങ്ങമനാട് |
| 8-9 | കളിയിക്കാവിള വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, മരിയാഗിരി |
| | കൊല്ലംങ്കോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-9, മരിയാഗിരി |
| 10-14 | എപ്പിസ്ക്കോപ്പൽ സിനഡ്- 12-റിപ്പോർട്ടിങ്ങ് ഡേ |
| 15-16 | അഞ്ചൽ വൈദികജില്ല സുവിശേഷസംഘ പരിശീലനം-9, അഞ്ചൽ |
| 20-21 | ദക്ഷിണ കന്നഡ റീജൻ സുവിശേഷസംഘ പരിശീലനം-6, നൂജിബാൽത്തല |
| 26 | മിഷൻ വിസിറ്റ്-ദേൻകനിക്കോട്ടൈ - 3-ാം ബാച്ച് |
| 28-29 | പത്തനംതിട്ട സുവിശേഷസംഘം-4 പരിശീലനം-4, ഓമല്ലൂർ |
| 29-30 | അടൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-4, അടൂർ |
| 31-1 | ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-, ഇടക്കര |
| **ഏപ്രിൽ** | |
| 1 | മിഷൻ വിസിറ്റ്-ത്രിപുര - 1-ാം ബാച്ച് |
| 5-6 | പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, പാറശാല |
| 9 | ഓഷ്യാന മിഷൻ- സിൽവാനോസ് പിതാവ് |
| 12-13 | കുരുത്തോല ശനി-ഞായർ, ഹാശാ ആഴ്ച, |
| 19-20 | ഈസ്റ്റർ |
| 26-27 | പുതു ഞായർ |
| 28-30 | ഫിയാത്ത് മിഷൻ മഹാസമ്മേളനം - ചങ്ങനാശ്ശേരി |
| **മെയ്** | |
| 10-11 | ചെങ്ങന്നൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-8, ചെങ്ങന്നൂർ |
| 17-18 | തിരുവല്ലാ വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, തിരുവല്ലാ |
| 24-25 | പിറവം വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, പിറവം |
| **ജൂൺ** | |
| 5-6 | പത്തനംതിട്ട സുവിശേഷസംഘം-4 പരിശീലനം-4, ഓമല്ലൂർ |
| 7 | കൊല്ലങ്കോട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-10, കൈവയ്പ്പു ഒരുക്കം, കുഴിത്തുറ |
| 7-8 | നെടുമങ്ങാട് വൈദികജില്ല സുവിശേഷസംഘ പരിശീലനം-6, നെടുമങ്ങാട് |
| 14-15 | കൊട്ടാരക്കര വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, കിഴക്കേതെരുവ് |
| 21-22 | കളിയിക്കാവിള വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, മരിയാഗിരി |
| 28 | കൈവയ്പ്പ്, കൊല്ലംങ്കോട് വൈദികജില്ല സുവിശേഷസംഘം, മാർത്താണ്ഡം |
| 29 | മെത്രാൻ സ്ഥാനോരോഹണം, മാവേലിക്കര |
| **ജൂലൈ** | |
| 5-6 | മാവേലിക്കര, കറ്റാനം, വൈദികജില്ല സുവിശേഷസംഘ പരിശീലനം-5, കറ്റാനം, |
| 10-15 | ഈവാനിയൻ വാരം |
| 19-20 | പാറശാല വൈദികജില്ല സുവിശേഷസംഘ പരിശീലനം-8, പാറശാല |
| 19 | ഇടക്കര-നിലമ്പൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-9, ഇടക്കര |
| 26-27 | അടൂർ വൈദികജില്ല സുവിശേഷസംഘ പരിശീലനം-7, അടൂർ |

www.malankaralibrary.com





# പുണ്യശ്ലോകനായ ആർച്ചുബിഷപ്പ് ഗീവർഗ്ഗീസ് മാർ ഈവാനിയോസ്

**സി. ട്രീസാ പീറ്റർ ഡി.എം.**

*സുവിശേഷസംഘം 8-ാം ബാച്ച്*

മലങ്കര സഭയുടെ നവോത്ഥാന ശില്പിയും യുഗപ്രഭാവാനുമായ ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 72-ാം ഓർമ്മയാചരണവും മെത്രാഭിഷേക ശതാബ്ദിയും ഉചിതമായി ആചരിക്കുന്നതിനായി, മലങ്കര മക്കൾ ഒന്നാകെ പ്രാർത്ഥനാപൂർവ്വം ഒരുങ്ങുമ്പോൾ ആ പുണ്യ പിതാവിന്റെ വിശുദ്ധ ജീവിത പാതയിലൂടെ ഒരു തീർത്ഥാടനം അഭിലഷണീയമാണ്.

**പ്രാർത്ഥനയുടെ മനുഷ്യൻ**

ധന്യൻ മാർ ഈവാനിയോസ് പിതാവ് പ്രാർത്ഥനയുടെ മനുഷ്യനായിരുന്നു. അഥവാ പ്രാർത്ഥന അദ്ദേഹത്തിന് പ്രാണവായുവായിരുന്നു. ഏതുപ്രതിസന്ധികളിലും അവസ്ഥാന്തരങ്ങളിലും കുലുങ്ങാതെ, പതറാതെ, തലയുയർത്തി നിൽക്കുവാൻ പിതാവിന് സാധിച്ചത്, തന്റെ സമാനതകളില്ലാത്ത ദൈവാശ്രയത്തിന്റെയും, വിശുദ്ധ ജീവിതത്തിലുമായിരുന്നു. ദൈവമാതാവിനോടുള്ള അചഞ്ചല ഭക്തിയിൽ വളർന്നുവന്ന വന്ദ്യപിതാവ്, ആ ഭൗതിക ജീവിതം വെടിയുംവരെയും 'രണ്ടാം സ്വർഗ്ഗമെന്ന്' താൻ വിശേഷിപ്പിച്ച ആ പരിശുദ്ധ അമ്മയുടെ കരങ്ങളിൽ സദയം സമർപ്പിച്ച് കർമ്മ നിരതമായ ജീവിതം നയിച്ചു. സഭയിൽ സമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് സ്വന്തം നിയോഗമായി തിരിച്ചറിഞ്ഞു. പ്രാർത്ഥനയിൽ നിന്ന് ശക്തി നേടുക, ദൈവസമ്പാദനത്തിനായി പ്രയത്നിക്കുക, ഉപവാസം, ദാരിദ്ര്യം പതിതരോടുള്ള കാരുണ്യം, ധ്യാനം എന്നിവയിലൂടെ സ്വർഗ്ഗത്തിന്റെ സമാധാനം സ്വന്തമാക്കുക എന്നത് അപൂർവ്വവും അസാധാരണവുമായ ഒരു അനുഭവമാണ്.

**പുനരൈക്യത്തിന്റെ പാതയിൽ**

സത്യം കണ്ടറിഞ്ഞപ്പോഴാണ് അദ്ദേഹം പുനരൈക്യത്തിന്റെ വ്യക്താവായത്. സാഹചര്യങ്ങൾ മാറുന്നതനുസരിച്ച് സത്യം മാറുന്നില്ല എന്ന ദൃഢബോദ്ധ്യമാണ് അദ്ദേഹത്തെ പുനരൈക്യത്തിന്റെ പാതയിൽ ഉറപ്പിച്ചു നിർത്തിയത്. മാർ ഈവാനിയോസ് എന്ന മഹാത്മാവിന്റെ ദീർഘവീക്ഷണവും സംഘടനാ പാടവവും നേതൃത്വസവിശേഷതകളും മലങ്കര സഭയുടെ ആരംഭം മുതൽ തന്നെ അതിനെ ഐക്യത്തിൽ ഒന്നിപ്പിച്ചു നിർത്തുന്നതിനും, സഭയുടെ വളർച്ചയിൽ അതുല്യമായ പങ്ക് വഹിക്കുന്നതിനും വഴിയൊരുക്കി. എപ്പോഴും എവിടെയും സത്യത്തിനുവേണ്ടി നിലകൊള്ളുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു.

സ്വർഗ്ഗപിതാവിന്റെ അരുമസുതനായ യേശു ക്രിസ്തുവിന്റെ ''ഒരിടയനും ഒരു തൊഴുത്തും'' ആയിത്തീരുക എന്ന സ്വപ്നം സാക്ഷാത്കമരിക്കുവാനുള്ള അടങ്ങാത്ത ആഗ്രഹമാണ് പുനരൈക്യത്തിന് വന്ദ്യപിതാവിനെ പ്രേരിപ്പിച്ചത്. ''പിതാവും ഞാനും ഒന്നായിരിക്കുന്നതുപോലെ നിങ്ങളും ഒന്നായിരിക്കണെ'' മെന്ന് പഠിപ്പിച്ച യേശുവിന്റെ വാക്കുകൾ പ്രാവർത്തികമാക്കുവാനുള്ള കടമയും ഉത്തരവാദിത്വവും തനിക്കുണ്ടെന്ന തിരിച്ചറിവ് ഐക്യത്തിനുവേണ്ടി പ്രയത്നിക്കുവാൻ അദ്ദേഹത്തെ നിർബന്ധിച്ചു. സ്നേഹവും ഒരുമയും ഉള്ളിടത്തേ ഐക്യത്തിന്റെ കൂദാശയായ വിശുദ്ധ കുർബാനയുടെ സന്തോഷം പങ്കുവയ്ക്കാനാവൂ എന്ന് മനസ്സിലാക്കിയ തിരുമേനി സഭൈക്യത്തിനുവേണ്ടി നടന്ന വഴികൾ കല്ലും മുള്ളും നിറഞ്ഞതായിരുന്നു. മാർത്തോമാ ശ്ലീഹായുടെ സന്താനങ്ങളും വിവിധ സഭകളിലായി ചിന്നിച്ചിതറിക്കിടക്കുന്നവരുമായ കേരളത്തിലെ അനേക ലക്ഷം ക്രൈസ്തവ സഹോദരങ്ങളെ മാതൃ സഭയായ കത്തോലിക്കാ സഭയിലേക്ക് ആനയിക്കുന്നതിനുവേണ്ടി ആ പുണ്യചരിതൻ നടത്തിയ കഠിന പരിശ്രമങ്ങൾ വർണ്ണനാതീതമാണ്.

ആ പുണ്യ പിതാവിന്റെ വർഷങ്ങൾ നീണ്ടുനിന്ന കഷ്ടപ്പാടുകളുടെ അനന്തര ഫലമാണ് 1930 സെപ്റ്റംബർ 20 ന് പൂവണിഞ്ഞ പുനരൈക്യ സ്വപ്നം. കാലയവനികയ്ക്കുള്ളിൽ മറഞ്ഞുവെങ്കിലും ഇന്നും പുനരൈക്യത്തിന്റെ പരിപുഷ്ടിക്കുവേണ്ടി ആ വന്ദ്യതാതൻ ദൈവസന്നിധിയിൽ മാദ്ധ്യസ്ഥം വഹിക്കുന്നു എന്ന് നമുക്ക് വിശ്വസിക്കാം. ക്രിസ്തുനാഥനെ അറിയാത്ത അനേകായിരങ്ങളുടെ ഇടയിൽ സുവിശേഷം എത്തിച്ച് തന്റെ ദൗത്യം പൂർത്തിയാക്കി. 1953 ജൂലൈ 15-ന് കർതൃമഹത്വത്തിലെക്ക് പ്രവേശിച്ച അദ്ദേഹം ''ഞാൻ സ്വർഗ്ഗത്തിൽ എത്തുമ്പോൾ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കും'' എന്ന തന്റെ വാഗ്ദാനം പൂർത്തീകരിക്കുകതന്നെ ചെയ്യും.




**വ്യക്തിത്വ സവിശേഷതകൾ**

പുനരൈക്യ പ്രസ്ഥാനത്തിന്റെ രാജശില്പിയായി സർവ്വസംഗ പരിത്യാഗിയായി ജീവിച്ച്, ജന്മം കൊണ്ടും കർമ്മം കൊണ്ടും ദൈവത്തിന് പ്രീതിയായിത്തീർന്ന അ ധന്യ വ്യക്തിത്വം, ആദ്ധ്യാത്മിക ജീവിതത്തിന്റെ ഇരുചിറകുകളായ ദൈവസ്നേഹവും പരസ്നേഹവും സ്വജീവിതത്തിൽ ഉത്തമ മൂല്യങ്ങളായി കരുതി. പിതൃവാത്സല്യത്തിന്റെ കർമ്മോൽസുകതയും മാതൃവാത്സല്യത്തിന്റെ സ്നേഹോഷ്മളതയും ഏവർക്കും സർവ്വസ്നേഹിയായ ആ യോഗീവര്യൻ പകർന്നേകി. പ്രതിസന്ധികളെ ആത്മീയമാക്കിക്കൊണ്ട് അതിജീവിച്ച കർമ്മയോഗി. വലിപ്പ ചെറുപ്പമോ ജാതിമതമോ നോക്കാതെ എല്ലാവരേയും തന്റെ സ്നേഹ വലയത്തിലൊതുക്കുവാൻ ഔദാര്യം കാണിച്ച ആദർശധീരൻ, വിവിധ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയ വിജ്ഞാന ഭണ്ഡാരം. തികഞ്ഞ മരിയ ഭക്തൻ. അജപാലകന്റെ ആത്മധീരതയോടെ, യതീന്ദ്രന്റെ സമചിത്തതയോടെ, ഋഷിയുടെ പവിത്രതയോടെ പുണ്യവഴിയിൽ ചരിച്ച ബഹുമുഖ പ്രതിഭ. ഉരയ്ക്കുന്തോറും വിശുദ്ധിയുടെ മാറ്റ് കൂടുന്ന ഒരു അമൂല്യ രത്നം.

നിരന്തരമായ തപസിന്റെയും പ്രായശ്ചിത്തത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി മലങ്കര സഭാ നവീകരണത്തിനുള്ള ഏകമാർഗ്ഗം സഭൈക്യമാണെന്നു ബോദ്ധ്യപ്പെട്ട്, മുണ്ടൻ മലയിലെ സർവ്വ സമ്പത്തും ഉപേക്ഷിച്ച് വെറും കയ്യോടെ ഇറങ്ങിത്തിരിച്ച ദൈവസ്നേഹി. അബ്രഹാം വിശ്വാസികളുടെ പിതാവായതുപോലെ തന്റെ അചഞ്ചലമായ ദൈവവിശ്വാസത്താൽ മാർ ഈവാനിയൊസ് മലങ്കര മക്കളുടെ പിതാവായി. ഒരു പടയാളിയുടെ ധീരതയോടും തികഞ്ഞ സമചിത്തതയോടും കൂടെ അദ്ദേഹം വെല്ലുവിളികളെ നേരിട്ടു. മനുഷ്യരേക്കാൾ കൂടുതലായി ദൈവത്തെ സ്നേഹിച്ച കറ പുരളാത്ത വ്യക്തിത്വം.

**കർമ്മനിരതൻ**

കരുണാനിധിയായ ദൈവത്തിന്റെ അനുഗ്രഹത്തോടൊപ്പം തിരുമേനിയുടെ സുധീരമായ മനഃശക്തിയും യോജിച്ചു പ്രവർത്തിച്ചതിന്റെ ഫലമായി, ആരോഗദൃഢഗാത്രനായ അദ്ദേഹം, എം.ഡി. സെമിനാരി പ്രിൻസിപ്പൽ, സെറാമ്പൂർ കോളേജ് പ്രൊഫസർ, ബഥനി ആശ്രമാദ്ധ്യക്ഷൻ, പുനരൈക്യ പ്രാണേതാവ്, തിരുവനന്തപുരം ആർച്ചുബിഷപ്പ് എന്നീ നിലകളിൽ ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. പിതാവിന്റെ നിസ്വാർത്ഥതയും, കർമ്മ കുശലതയും, ദൃഢമനസ്ഥിതിയും, അവിശ്രമപരിശ്രമവും, ആത്മാർത്ഥതയും സർവ്വോപരി തന്നെ വിളിച്ച് വേർതിരിച്ച് നയിച്ചവനിലുള്ള ആശ്രയത്വവും അദ്ദേഹത്തിന്റെ ശുശ്രൂഷകളെ മിഴിവുറ്റതാക്കി. ബഥനിക്കുന്നിൽ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്ന മാർ ഈവാനിയോസ് കോളേജ് എന്ന വിദ്യാ ക്ഷേത്രം പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും സംസ്കാര സമ്പന്നമായ ഒരു സമൂഹം കെട്ടിപ്പടുക്കാനുള്ള തീക്ഷണമായ ആഗ്രഹത്തിന്റെയും നിദർശനമായി നിലകൊള്ളുന്നു. പെൺകുട്ടികൾക്കുമാത്രമായി ഒരു വിദ്യാഭ്യാസ സ്ഥാപനം എന്ന വന്ദ്യ പിതാവിന്റെ ചിരകാല സ്വപ്നസാക്ഷാത്കാരമാണ് നെല്ലിമൂടിന്റെ മദ്ധ്യത്തിൽ തലയുയർത്തി നിൽക്കുന്ന സെന്റ് ക്രിസോസ്റ്റം സ്കൂൾ. ഏറ്റെടുത്ത എല്ലാ കാര്യങ്ങളും വിജയപഥത്തിലെത്തിച്ച് സായൂജ്യമടഞ്ഞ കർമ്മയോഗിയാണ് അദ്ദേഹം. കാലോചിതമായി പിതാവ് സ്ഥാപിച്ച ഇടവകകൾ, പള്ളികൾ, പള്ളിക്കൂടങ്ങൾ, കലാലയങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ, ബഥനി മിശിഹാനുകരണ സന്യാസസമൂഹം, ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം എന്നിവ അദ്ദേഹത്തിന്റെ കർമ്മപഥത്തിൽ വിളങ്ങി പ്രശോഭിക്കുന്നു.

**സ്ത്രീജനസമുദ്ധാരകൻ**

ഋഷിമാരുടെ സംസ്കാര ഭൂമികയായ ആർഷ ഭാരതത്തിൽ, ജീവിതം തപസ്സാക്കി മാറ്റിയ ജ്ഞാനികൾ വേദങ്ങളും, ഉപനിഷത്തുകളും വഴി പുതിയ സംസ്കാര ദർശനത്തിന് രൂപം നൽകി. സ്രഷ്ടാവും സൃഷ്ടിയും ഒന്നാണെന്ന തത്വം ഉൾക്കൊണ്ടിട്ടും വേദ സംസ്കൃതിക്കൊപ്പം ജ്ഞാനവ്യാപനത്തിൽ നിയന്ത്രണമുണ്ടായി. ജാതിവ്യവസ്ഥ സംഭവിച്ചു. അറിവ് നിഷേധിക്കപ്പെട്ട കീഴ്‌വർഗ്ഗം സാമൂഹിക ജീവിത ക്രമങ്ങളിൽ നിന്നും ബഹിഷ്കൃതരായി. ശിഥിലമായ സാമൂഹികഘടനയെ വിദ്യയുടെ സൽഫലങ്ങളാൽ സാർവ്വത്രികമാക്കി ഏകീകരിക്കുക എന്ന ദൗത്യമാണ് മാർ ഈവാനിയോസ് തിരുമേനി വൈദികനായിരിക്കെ തിരഞ്ഞെടുത്തത്. 'വിദ്യയിലൂടെ മനുഷ്യമോചനം' എന്ന മഹാമന്ത്രം ആ കർമ്മയോഗിയെ നയിച്ചു. അഭിവന്ദ്യനായ പിതാവിന്റ സ്ത്രീജനോദ്ധാരണമെന്ന ആദർശം, സമുദായോദ്ധാരണം എന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടു ചേർന്നു നിൽക്കുന്നു. ഭൗതികതയുടെ നീരാളിഹസ്തങ്ങളിൽപ്പെട്ട് മരണത്തോടു മല്ലടിക്കുന്ന സ്വസമുദായത്തെ ആദ്ധ്യാത്മികതയുടെ സ്വതന്ത്ര തീരത്തേക്കു നയിക്കാനുള്ള ചിന്തയാണ് സ്ത്രീ ജനോദ്ധാരണം എന്ന സ്വപ്നത്തിന്റെ അടിസ്ഥാനം. ഇത് പിതാവിന് കേവലമൊരു സാമൂഹിക കർമ്മപദ്ധതിയല്ല, മറിച്ച് അതിവിശിഷ്ടമായ ആത്മീയ ആദർശത്തിന്റെ ഭാഗമായിരുന്നു. അതുകൊണ്ടുതന്നെ ഇത്തരം ചിന്തകളിലും പദ്ധതികളിലും പിതാവ് സ്ത്രീകളേയും ഉൾപ്പെടുത്തുകയും, പുരുഷനോടൊപ്പം സ്വസമുദായത്തിന്റെ നവീകരണത്തിൽ സ്ത്രീകളെയും പങ്കുകാരാക്കി. സ്ത്രീകൾക്ക് അടുക്കളയ്ക്കപ്പുറം ഒന്നും ചെയ്യാനില്ലാ എന്ന് ജനങ്ങൾ കരുതിയിരുന്ന കാലത്ത്, വന്ദ്യപിതാവ് കുറെ പെൺകുട്ടികളെ കണ്ടെത്തി. അവർക്ക് വിദ്യാഭ്യാസം നൽകി. അവരിലെ കഴിവുകൾ വളർത്തിയെടുത്ത് സമുദായനന്മയ്ക്കായി പ്രവർത്തിക്കുവാൻ അവരെ പ്രാപ്തരാക്കി.

തങ്ങളെത്തന്നെ സമ്പൂർണ്ണമായി ദൈവത്തിന് സമർപ്പിക്കാനും സഭയുടെ കെട്ടുപണിക്കായി സ്വയം ശൂന്യവത്ക്കരണത്തിന്റെ പാത തിരഞ്ഞെടുക്കാനുമുള്ള ധൈര്യവും ആർജ്ജവത്വവും സ്ത്രീകൾക്കുണ്ടെന്ന് മനസ്സിലാക്കിയ ആ ക്രാന്തദർശി, സ്ത്രീകൾക്കുവേണ്ടി സ്ഥാപിച്ച സമൂഹമാണ് ബഥനി മിശിഹാനുകരണ സന്യാസിനീ സമൂഹം. കാലാന്തരത്തിൽ വന്ദ്യ മോൺസിഞ്ഞോർ ജോസഫ് കുഴിഞ്ഞാലിലച്ചന് മലങ്കര സഭയിൽ മേരിമക്കൾ മിഷനറി സന്യാസ സമൂഹം സ്ഥാപിക്കാൻ അനുമതി നൽകി അനുഗ്രഹിച്ചതും അഭിവന്ദ്യ പിതാവാണ്. സന്യാസത്തിലേക്ക് സ്ത്രീകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് സ്വയാവിഷ്ക്കരണത്തിന്റെ അനന്ത സാദ്ധ്യതകൾ അദ്ദേഹം തുറന്നിട്ടു. ഇന്നും സഭയുടെ ബഹുവിധമായ പ്രവർത്തനങ്ങളിൽ സ്ത്രീജന പങ്കാളിത്തമുണ്ട്. ഇടവക കൂട്ടായ്മകളിലും അവർ മുഖ്യസ്ഥാനം വഹിക്കുന്നു. സ്ത്രീകൾക്ക് സ്ഥാനം വീടിനപ്പുറത്തേക്ക് സ്വാതന്ത്ര്യം പോലും ഇല്ലാതിരുന്ന കാലത്താണ് ധൈര്യശാലിയായ ആ പുണ്യവരേണ്യൻ അതിശയകരമായ ഈ നീക്കങ്ങൾ നടത്തിയത് എന്നത് പ്രത്യേകം പ്രസ്താവ്യമത്രെ.

**സാമൂഹ്യ പരിഷ്കർത്താവ്**

ആത്മാക്കളുടെ രക്ഷയ്ക്കും സഭയിലെ സമാധാനത്തിനുംവേണ്ടി മാത്രമായിരുന്നില്ല മാർ ഈവാനിയോസ് പിതാവ് തന്റെ ജീവിതം

*(തുടർച്ച 9-ാം പേജിൽ)*

www.malankaralibrary.com



( ...... 1-ാം പേജിൽ നിന്നും തുടർച്ച)

യുടെ സമഗ്രമായ കാഴ്ചപ്പാടിനെ അവതരിപ്പിക്കുകയും അതിന്റെ ദൈവശാസ്ത്രപരമായ സൂചനകളെ പരിശോധനാവിധേയമാക്കുകയും അതു മുന്നോട്ടുവയ്ക്കുന്ന ക്ഷണത്തോട് പ്രത്യുത്തരിക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയുമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

പ്രത്യാശയുടെ ജൂബിലിവർഷത്തിൽ എല്ലാ പ്രത്യാശകളുടെയും ഉറവിടമായ ക്രിസ്തുവിൽ നമ്മുടെ നോട്ടമുറപ്പിക്കാൻ ഫ്രാൻസിസ് മാർപ്പാപ്പ നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിൽ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന രക്ഷയെക്കുറിച്ചുള്ള പ്രത്യാശയിൽ നമ്മുടെ കാഴ്ച്ചയെ ഉറപ്പിച്ചുനിർത്തിക്കൊണ്ട് ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾക്കുമപ്പുറത്തേക്ക് നോക്കിക്കാണാൻ ഈ പ്രത്യാശാപൂർണ്ണമായ നോട്ടം നമ്മെ വെല്ലുവിളിക്കുന്നു. പ്രത്യാശയോടെ ജീവിക്കുവാനും ഈ പ്രത്യാശ മറ്റുള്ളവരുമായി പ്രത്യേകിച്ച് പ്രത്യാശയുടെ ഈ വെളിച്ചത്തിന് ഏറ്റവും ആവശ്യമുള്ളവരായ പാർശ്വവൽക്കരിക്കപ്പെട്ടവരുമായി പങ്കുവയ്ക്കുവാനും നമ്മെ പ്രോത്സാഹിപ്പിക്കുന്നു.

**"Spes Non Confundit' മുന്നോട്ടുവയ്ക്കുന്ന ദർശനം**

**1. പ്രത്യാശ: ദൈവശാസ്ത്ര അടിത്തറ**

"Spes Non Confundit'-യിൽ പറഞ്ഞുവച്ചിരിക്കുന്നതുപോലെ ''പ്രത്യാശയാണ് വിശ്വാസികളുടെ ജീവിതത്തിന് ആന്തരികമായ ദിശാബോധവും ലക്ഷ്യവും നൽകുന്നത്'' (നം. 15). നിഷ്ക്രിയമായ ഒരുതരം ശുഭാപ്തിവിശ്വാസത്തിനുമപ്പുറം വിശ്വാസികളെ അവരുടെ ഭൗമികമായ തീർത്ഥാടനത്തിൽ സ്ഥൈര്യപ്പെടുത്തുന്ന സജീവവും ചലനാത്മകവുമായ പുണ്യമാണ് പ്രത്യാശ. അത് അവരെ ദൃഢചിത്തതയോടെയും സ്ഥിരോത്സാഹത്തോടെയും ജീവിതത്തിലെ വെല്ലുവിളികളെ ഏറ്റെടുക്കുവാൻ പ്രാപ്തരാക്കിക്കൊണ്ട് ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ അടിസ്ഥാനമിട്ടിരിക്കുന്ന ഒരു ഭാവിയിലേക്ക് നയിക്കുന്നു. എന്നാൽ ഈ പ്രത്യാശയുടെ അടിസ്ഥാനം എന്താണ്?

**a. പ്രത്യാശയ്ക്കുള്ള കാരണങ്ങൾ: രക്ഷയും നിത്യജീവനും**

യേശുക്രിസ്തുവിന്റെ രക്ഷാകരകർമ്മത്തിലാണ് ക്രിസ്തീയ പ്രത്യാശയുടെ അടിത്തറ നിലകൊള്ളുന്നത്. അവന്റെ മരണ-ഉത്ഥാനങ്ങളിലൂടെ മനുഷ്യകുലം ദൈവവുമായി അനുരഞ്ജനപ്പെട്ടിരിക്കുന്നു (റോമ. 5: 19). മരണത്തിൻമേലുള്ള യേശുവിന്റെ വിജയം, മരണമല്ല അവസാനവാക്ക് എന്ന് വിശ്വാസികൾക്ക് ഉറപ്പുനൽകുന്നു. ബുള പ്രസ്താവിക്കുന്നതുപോലെ, ''യേശുവിന്റെ മരണവും ഉയിർപ്പുമാണ് നമ്മുടെ വിശ്വാസത്തിന്റെ കാതലായ ഭാഗവും നമ്മുടെ പ്രത്യാശയുടെ അടിസ്ഥാനവും'' (Spes Non Confundit, നം. 20). വി. പൗലോസ് ശ്ലീഹാ ഈ പ്രത്യാശയെ കൂടുതൽ ഊന്നിപ്പറയുന്നു: ''നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവിലൂടെ ദൈവത്തിൻെറ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്കു ചൊരിയപ്പെട്ടിരിക്കുന്നു'' (റോമ. 5:5). അതുകൊണ്ട് ക്രിസ്തീയമായ പ്രത്യാശ സ്നേഹത്തിലാണ് അടിസ്ഥാനമിട്ടിരിക്കുന്നത്. ''സ്നേഹിക്കപ്പെടുന്നതുകൊണ്ടാണ് ഞാൻ ഉള്ളത്; ഞാൻ എന്നേക്കും സ്നേഹത്തിൽ ജീവിക്കുകയും ചെയ്യും...'' (നം. 21). പ്രത്യാശ നമ്മെ നിരാശരാക്കുകയില്ല, കാരണം ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് ആരും ഒരിക്കലും നമ്മെ വേർപെടുത്തുകയില്ലെന്ന ഉറപ്പിന്മേലാണ് അതു നിലനിൽക്കുന്നത് (റോമ. 8:35-39).

വിശ്വാസം വഴിയുള്ള നീതീകരണം, വിശ്വാസിക്ക് നിത്യജീവനിലേക്ക്- മാമോദീസായിലാരംഭിച്ച് ഒരുവന്റെ ''ദൈവകൃപയോടുള്ള തുറവിക്ക്'' ആനുപാതികമായി വളർച്ച പ്രാപിക്കുന്ന ജീവൻ- വഴിതുറക്കുന്നു (നം.3). ബൂളയിൽ പറഞ്ഞിരിക്കുന്നതുപോലെ രക്തസാക്ഷിത്വം എന്നത്, ''ഈ പ്രത്യാശയുടെ ഏറ്റവും സംശയരഹിതമായ സാക്ഷ്യമാണ്'' (നം. 20). നിത്യജീവൻ ഈ ലോകത്തിലെ സഹനങ്ങളെ അതിലംഘിക്കുന്നുവെന്ന പരമാർത്ഥത്തെ രക്തസാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നു. മരണത്തിന്റെ മുമ്പിൽപ്പോലും നിരാശപ്പെടുത്താത്ത ഒരു പ്രത്യാശയെ, അവരുടെ സാക്ഷ്യം ശക്തമായി പ്രകാശിപ്പിക്കുന്നു.

ക്രൈസ്തവമായ പ്രത്യാശയുടെ രക്ഷയിലും നിത്യജീവിതത്തിലുമുള്ള അടിസ്ഥാനത്തെക്കുറിച്ച് അന്വേഷിച്ചശേഷം ഈ പ്രത്യാശയുടെ ആത്യന്തികമായ സാക്ഷാത്കാരം നമ്മുടെ ഭൗമിക തീർത്ഥാടനത്തിന്റെ അന്ത്യത്തിൽ ദൈവത്തെ മുഖാഭിമുഖം ദർശിക്കുന്നതിലാണെന്ന് ചിന്തിക്കുന്നതിലേക്ക് "Spes Non Confundit' നമ്മെ നയിക്കുന്നു. ഈ മുഖാഭിമുഖത്തെ മനസ്സിലാക്കേണ്ടത് ഭയജന്യമെന്നതിനേക്കാൾ ദൈവികമായ സ്നേഹത്തിന്റെയും കരുണയുടെയും വെളിച്ചത്തിൽ സുഗ്രാഹ്യമാകുന്ന അന്തിമവിധി എന്ന യാഥാർത്ഥ്യത്തിൽക്കൂടിയാണ്.

**b. അന്ത്യവിധി: ദൈവസ്നേഹവുമായുള്ള കൂടിക്കാഴ്ച്ച**

ക്രൈസ്തവമായ പ്രത്യാശയെന്ന മുൻഗണനയിലൂടെ നോക്കിക്കാണുമ്പോൾ ദൈവത്തിന്റെ ന്യായവിധി എന്നത് ഭയത്തിന്റെ കാരണമായിട്ടല്ല മറിച്ച് ദൈവസ്നേഹം എന്ന




സത്യവുമായുള്ള കൂടിക്കാഴ്ച്ചയായി മാറുന്നു. അന്ത്യവിധി എന്നത് ''സ്നേഹം തന്നെയായ ദൈവത്തോടും അവനവനോടുതന്നെയുമുള്ള സത്യത്തിന്റെ ബന്ധമാണ്'' എന്ന് "Spes Non Confundit' നമ്മെ ഓർമിപ്പിക്കുന്നു (നം. 22). ഈ ന്യായവിധിയുടെ മാനദണ്ഡമെന്നത് സ്നേഹമായിരിക്കും എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു: ''എൻെറ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്'' (മത്താ. 25:40). താൻ കാണിച്ചതും കാണിക്കാൻ പരാജയപ്പെട്ടതുമായ സ്നേഹത്തിന്റെ കണക്കു ബോധിപ്പിക്കാനായി ഓരോ വ്യക്തിയെയും വിളിക്കുന്ന ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹവുമായുള്ള കൂടിക്കാഴ്ച്ചയാണ് ന്യായവിധി എന്ന ഉറപ്പിന്മേലാണ് ക്രിസ്തീയ പ്രത്യാശ നിലകൊള്ളുന്നത്.

**c. ദണ്ഡവിമോചനങ്ങളും സ്നേഹത്തിലൂള്ള ശുദ്ധീകരണവും**

ഈ ജൂബിലിയെ മാനസാന്തരത്തിനും പ്രായശ്ചിത്തകൂദാശ വഴിയായി ദൈവവുമായി അനുരഞ്ജനപ്പെടുന്നതിനും ദൈവകരുണയുടെ പ്രകടനങ്ങളായ ദണ്ഡവിമോചനങ്ങളുടെ സ്വീകരണത്തിനുമുള്ള അവസരമായിട്ടുകൂടി കാണാൻ ഈ പ്രമാണരേഖ നമ്മെ ക്ഷണിക്കുന്നു (നം. 23). മരണത്തിനുമപ്പുറത്തേക്ക് നീളുന്ന ദൈവകരുണയുടെ പരിധിയില്ലായ്മയെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗമാണ് ദണ്ഡവിമോചനങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. ദണ്ഡവിമോചനമെന്ന ആശയം മരിച്ചവരും ജീവിച്ചിരിക്കുന്നവരും തമ്മിലുള്ള അഗാധമായ ഐക്യദാർഢ്യത്തെക്കൂടി എടുത്തുകാണിക്കുന്നുണ്ട്.

ദണ്ഡവിമോചനങ്ങൾ സ്വീകരിക്കുന്നതിന് ഒഴിച്ചുകൂടാനാവാത്ത പ്രായശ്ചിത്ത കൂദാശ, നമ്മെ തന്നോടുതന്നെ രമ്യപ്പെടുത്തുന്നതിനിടയാക്കുന്ന ദൈവത്തിന്റെ കരുണയുമായി നാം മുഖാഭിമുഖം നിൽക്കുന്ന സവിശേഷമായ ഒരു വേദിയാണ് (2 കോറി. 5:20). ഈ പ്രക്രിയ ബാഹ്യമായ ഒരു പ്രവൃത്തിയെന്നതിനേക്കാൾ ദൈവം നമ്മോട് ക്ഷമിച്ചതുപോലെതന്നെ മറ്റുള്ളവരോടും ക്ഷമിക്കുന്നതിന് നമ്മെ നിർബന്ധിക്കുന്ന വ്യക്തിപരമായ മാറ്റത്തിന്റെയും ആദ്ധ്യാത്മിക നവീകരണത്തിന്റെയും ഒരു നിമിഷമാണ് (നം. 23).

പ്രത്യാശയുടെ കണ്ണടയിലൂടെ നോക്കിക്കാണുമ്പോൾ ശുദ്ധീകരണസ്ഥലമെന്നത് കേവലം സഹനത്തിന്റെ ഒരിടമല്ല മറിച്ച് സ്നേഹം തന്നെയായ ദൈവവുമായി പരിപൂർണമായി ഐക്യപ്പെടുന്നതിനുവേണ്ടി വിശ്വാസികൾ സ്നേഹത്തിൽ വളർച്ച പ്രാപിക്കുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ്. സ്നേഹം തന്നെയായ ദൈവവുമായി പരിപൂർണമായി ഐക്യപ്പടണമെങ്കിൽ വിശ്വാസികൾ സ്നേഹത്തിൽ പൂർണത പ്രാപിച്ചവരായി മാറേണ്ടിയിരിക്കുന്നു (1 യോഹ. 4:17). ദൈവവുമായുള്ള നിത്യമായ ബന്ധത്തിന് അത്യാവശ്യമായ ഒന്നാണ് ഈ ശുദ്ധീകരണം.

ക്രൈസ്തവമായ പ്രത്യാശയുടെ ദൈവശാസ്ത്ര അടിത്തറകൾ കണ്ടെത്തിയതിനുശേഷം ഒരു വിശ്വാസിയുടെ ജീവിതത്തിൽ പ്രത്യാശയ്ക്കുള്ള സജീവമായ സ്ഥാനത്തിലേക്ക് ഇനി നമുക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം.

**2. കരുണയ്ക്കുവേണ്ടിയുള്ള നിലവിളിയോട് പ്രത്യുത്തരിക്കുന്നു**

പ്രത്യാശയുടെ ദൈവശാസ്ത്ര അടിത്തറയുടെ വെളിച്ചത്തിൽ നമ്മുടെ കാലഘട്ടത്തിലെ വലിയ വെല്ലുവിളികളിലേക്ക് "Spes Non Confundit' നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു. ''കാലത്തിന്റെ അടയാളങ്ങൾ'' വിവേചിച്ചറിയുന്നതിന്റെ ഭാഗമായി, വിവിധങ്ങളായ സഹനങ്ങളുടെയും അനീതികളുടെയും നൈമിഷിക സുഖങ്ങൾക്കുവേണ്ടിയുള്ള പരക്കംപാച്ചിലിന്റെയും നിരാശയുടെയും ഒരു ലോകത്തിൽ പ്രത്യാശയുടെ മൂർത്തമായ അടയാളങ്ങളായിത്തീരുന്നതിനുവേണ്ടി ഫ്രാൻസിസ് മാർപ്പാപ്പ സഭയെ ക്ഷണിക്കുന്നു. പ്രത്യാശയുടെ സന്ദേശത്തെ പ്രഘോഷിക്കുന്നതുവഴിയായും സ്നേഹത്തിന്റെയും സേവനത്തിന്റെയും പ്രത്യക്ഷമായ പ്രവൃത്തികളിലൂടെ അതു ജീവിച്ചുകാണിക്കുന്നതുവഴിയായും ദൈവത്തിന്റെ പദ്ധതിയിൽ ശരണമർപ്പിക്കുന്നവരെ കാത്തിരിക്കുന്ന ഭാവിയുടെ ശക്തമായ ഒരു ദർശനം സഭ ലോകത്തിനു നൽകുന്നു.

ഏറ്റവും വലിയ വെല്ലുവിളികൾക്കിടയിൽനിന്നുപോലും ഫ്രാൻസിസ് മാർപ്പാപ്പ എടുത്തുകാണിക്കുന്നത് യുദ്ധങ്ങളാലും സംഘർഷങ്ങളാലും കൂടുതൽ കൂടുതൽ നശിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിൽ സമാധാനത്തിനുവേണ്ടി നിലനിൽക്കുന്ന അഭിലാഷത്തെയാണ്. കുടിയിറക്കപ്പെട്ട ജനതകളുടെയും അഭയാർത്ഥികളുടെയും ദുരിതം നിർബന്ധപൂർവ്വം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്, സമാധാനത്തിനുവേണ്ടിയും സകല മനുഷ്യരുടെയും അന്തസിനെ ബഹുമാനിക്കുന്ന നയങ്ങൾക്കു വേണ്ടിയും സഭ ശബ്ദമുയർത്തി വാദിക്കണമെന്നാണ് (നം. 8). അതുപോലെതന്നെ, ജനനനിരക്കിലുണ്ടായ കുത്തനെയുള്ള ഇടിവിനെയും അതിതീവ്രവും തെരഞ്ഞെടുപ്പിനു വിധേയവുമായ ഉപഭോഗപരതയിൽനിന്നുളവാകുന്ന വ്യക്തിവാദത്തെയും മാർപ്പാപ്പ ചൂണ്ടിക്കാണിക്കുന്നു. ഈ പ്രവണത സമൂഹത്തിന്റെ അസ്ഥിരതയെ കൂടുതൽ വഷളാക്കുമെന്ന് വാദിക്കുന്ന അദ്ദേഹം, ഉത്തരവാദിത്തപൂർണമായ നിയമനിർമാണവും, പ്രത്യേകമായി യുവജനങ്ങൾ പ്രത്യാശയുടെ ഉറവിടമെന്ന നിലയിൽ ജീവിതത്തെ നവീനമായി ആശ്ലേഷിക്കേണ്ടതും ആവശ്യമാണെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു (നം. 9).

സമൂഹത്താൽ പാർശ്വവൽക്കരിക്കപ്പെട്ട തടവുകാർ ഉൾപ്പെടെയുള്ളവരിലേക്ക് പ്രത്യാശയുടെ കടന്നുചെല്ലൽ ഉണ്ടാകണമെന്ന് ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു. തീർത്തും അപ്രതീക്ഷിതമായ ഒരു സൂചനയായി റോമിലെ ജയിലുകളിലൊന്നിൽ ജൂബിലിയുടെ വിശുദ്ധ വാതിൽ തുറന്നുകൊണ്ട് ജയിലഴികൾക്കുള്ളിലുള്ളവർക്ക് പ്രത്യാശയും നവീകരണവും വാഗ്ദാനം ചെയ്യാനുള്ള സഭയുടെ ഉത്തരവാദിത്തത്തെ മാർപ്പാപ്പ ദ്യോതിപ്പിക്കുകയും ചെയ്തു. വി. ഗ്രന്ഥത്തിലെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ആദർശങ്ങളെ (ലേവ്യ. 25:10; ഏശ. 61:1,2; ലൂക്കാ. 4:18,19) പ്രതിധ്വനിപ്പിച്ചുകൊണ്ട്, വധശിക്ഷയുടെ ഉന്മൂലനം, ജയിലിൽ കഴിയുന്നവർക്ക് അന്തസുറ്റ സാഹചര്യങ്ങൾ എന്നിവയ്ക്കായി മാർപ്പാപ്പ വാദിക്കുന്നു (നം. 10). ജയിലിനുള്ളിൽ ഒരു വിശുദ്ധവാതിൽ തുറന്നത്, തുറുങ്കിലടയ്ക്കപ്പെട്ടവർക്ക് ആദ്ധ്യാത്മിക നവീകരണത്തിനും ദൈവവുമായി അനുരഞ്ജനം പ്രാപിക്കുന്നതിനുമുള്ള സാധ്യത നൽകിക്കൊണ്ട് പ്രത്യാശയുടെ ഒരു പ്രത്യക്ഷമായ അടയാളമായി വർത്തിക്കുന്നു.

അതുപോലെതന്നെ, ക്രൈസ്തവമായ പ്രത്യാശയുടെ അത്യന്താപേക്ഷിതമായ പ്രകാശനങ്ങളാണ് കാരുണ്യപ്രവൃത്തികൾ- പ്രത്യേകിച്ചും ക്ലേശമനുഭവിക്കുന്നവരുടെ നേർക്കുള്ളത്- എന്ന് സഭയെ ഓർമിപ്പിച്ചുകൊണ്ട് രോഗികളിലേക്ക് പ്രത്യാശ എത്തിച്ചുനൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ അടിവരയിട്ടുപറഞ്ഞു. സഭ നൽകുന്ന കരുണാർദ്രമായ കരുതലിലൂടെയും സേവനത്തിലൂടെയും രോഗികളുടെ അന്തസ്സ് ഉയർത്തിപ്പിടിക്കാനും പ്രത്യാശയുടെ പരിവർത്തനപരമായ ശക്തി സഫലീകരിക്കപ്പടാനും ഇടയാകും (നം. 11). ഈ പ്രവർത്തനങ്ങൾ ഉപവിയുടെ വെറും പ്രകടനങ്ങൾ മാത്രമല്ല മറിച്ച് ലോകവുമായി പങ്കുവയ്ക്കേണ്ടതിനായി സഭ വിളിക്കപ്പെട്ടിരിക്കുന്ന പ്രത്യാശയുടെ വളരെ ആഴത്തിലുള്ള സാക്ഷാത്കാരമാണ്.


തൊഴിലില്ലായ്മയും അരക്ഷിതാവസ്ഥയും നിരാശയും മൂലം പലപ്പോഴും ഭാരപ്പെടുന്ന യുവാക്കളും പ്രത്യാശയ്ക്കുവേണ്ടിയുള്ള മാർപ്പാപ്പയുടെ ആഹ്വാനം ശ്രവിക്കുന്നു. പ്രത്യാശയില്ലായ്മയിൽ നിന്നും ഉടലെടുക്കുന്ന നശീകരണസ്വഭാവമുള്ള പെരുമാറ്റങ്ങളെ അതിജീവിക്കാൻ അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വിശ്വാസത്തിലും ജീവിതലക്ഷ്യത്തിലും വേരൂന്നിനിൽക്കുന്ന ഒരു ഭാവിയെ വിഭാവനം ചെയ്യാനുള്ള മാർഗനിർദേശം സഭ അവർക്കു നൽകണം (നം. 12). അതുപോലെ, മെച്ചപ്പെട്ട ഒരു ജീവിതത്തിനായുള്ള തങ്ങളുടെ ആഗ്രഹം മാനുഷികമായ പ്രതിരോധശേഷിയ്ക്ക് ഉദാഹരണമായിരിക്കുന്ന

(തുടർച്ച 10-ാം പേജിൽ)

www.malankaralibrary.com



മുഖമൊഴി



# അനുഗ്രഹങ്ങളുടെ പെരുമഴക്കാലം

**ഡോ. എബ്രഹാം ജോർജ്ജ്**
*സുവിശേഷസംഘാംഗം*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

ആഗോള കത്തോലിക്കാ സഭയ്ക്കും പ്രത്യേകിച്ചും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും അനുഗ്രഹങ്ങളുടെ പെരുമഴക്കാലമാണിത്. അനുദിനം ദൈവം വ്യക്തിപരമായി നമ്മളേയും, സഭയേയും സ്നേഹിക്കുകയും വഴി നടത്തുകയും ചെയ്യുന്നു. സഭയുടെ കരുണയുടെ മുഖം ലോകത്തിനു വെളിവാക്കിയ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയുടെ പിൻഗാമിയായി, 267-ാമത് പാപ്പയായി ഉചിതനായ വ്യക്തിയെ ദൈവം നിയോഗിച്ചു. യുദ്ധം, കുടിയേറ്റം, അഭയാർത്ഥി പ്രവാഹം, ആണവഭീഷണികൾ, പരിസ്ഥിതി മലിനീകരണം, കാലാവസ്ഥാ വ്യതിയാനം ഇവയെല്ലാം മനുഷ്യന്റെ നിലനില്പിനെത്തന്നെ ഭീഷണിപ്പെടുത്തുന്ന ആധുനിക കാലയളവിൽ, സമാധാനത്തിന്റേയും, സമന്വയത്തിന്റേയും ദൂതുമായി പരിശുദ്ധ ലിയോ 14-ാമൻ മാർപാപ്പ ചുമതലയേറ്റു. എല്ലാ രാജ്യങ്ങളുടേയും തലവന്മാർ ഭീഷണിയുടെ സ്വരത്തിൽ സംസാരിക്കുമ്പോൾ, സമാധാനത്തിന്റെ ഭാഷ സംസാരിക്കാൻ ഇന്ന് ലോകത്തിൽ മാർപാപ്പ മാത്രം എന്ന ഒരു സ്ഥിതിയിലാണ് മനുഷ്യർ. അതുകൊണ്ട് ലോകം വളരെ ആകാംക്ഷയോട് മാർപാപ്പയെ ശ്രവിക്കുന്നു.

ജൂലൈ 3, മാർത്തോമ്മാശ്ലീഹായുടെ ദുക്റോനോ തിരുന്നാൾ നാം ഭക്തിപൂർവ്വം ആചരിച്ചു. അപ്പോസ്തോലന്മാരിൽ ഏറ്റവും അധികം ദൂരം സഞ്ചരിച്ചു സുവിശേഷം പ്രസംഗിച്ച ശ്ലീഹായുടെ ധൈര്യം നമുക്ക് ശക്തി പകരട്ടെ. മാർത്തോമാശ്ലീഹാ ഭാരതത്തിൽ വന്നിട്ടില്ല എന്ന് സ്ഥാപിക്കാൻ പല തല്പരകക്ഷികളും നിരന്തരം ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ പാരമ്പര്യങ്ങളെ നമുക്ക് മുറുകെ പിടിക്കാം. നമ്മുടെ ആരാധനാ പാരമ്പര്യവും, അനുഷ്ഠാനങ്ങളും കൃത്യമായി പാലിക്കാൻ പരിശ്രമിക്കാം.

മലങ്കര സുറിയാനി കത്തോലിക്കാ സഭ പുനരൈക്യശതാബ്ദിക്കായി ഒരുങ്ങികൊണ്ടിരിക്കുന്നു. വചനവർഷത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. ബൈബിൾ പഠന പരമ്പരയും, അതിന്റെ പരീക്ഷകളും ഗൗരവമായി നടക്കുന്നു. മലങ്കര മക്കൾക്ക് ബൈബിൾ, പ്രത്യേകിച്ച് പഴയനിയമം ആഴത്തിൽ പഠിക്കാനുള്ള സുവർണാവസരം. ഇനിയും ഇത് പഠിക്കാത്തവർ, മലങ്കര കാത്തലിക് ടീവിയുടെ യൂട്യൂബ് ചാനലിൽ വീണ്ടും കാണുക. പ്രസംഗപരിശീലന കളരിയും വളരെ ഗൗരവമായി വിശ്വാസികൾ ഏറ്റെടുത്തു. ഇതെല്ലം സഭയിൽ ഒരു അടിസ്ഥാന വിശ്വാസ മുന്നേറ്റത്തിനു സഹായിക്കുന്ന ഘടകങ്ങൾ ആണ്. പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുന്നതിന്റെ ഉത്തമ ദൃഷ്ടാന്തങ്ങൾ.

ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ 72-ാമത് ഓർമ്മപ്പെരുന്നാളും മെത്രാഭിഷേക ശതാബ്ദിയും വലിയ ഒരു വിശ്വാസ സാക്ഷ്യമായി മാറി. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമുള്ള മലങ്കര മക്കൾ വളരെ ആവേശപൂർവം ഓർമ്മപ്പെരുന്നാളിന്റെ വിവിധ പരിപാടികളിൽ പങ്കെടുത്തു. തിരുസിംഹാസനത്തിന്റെ അന്തർദേശീയ കാര്യാലയത്തിന്റെ മുഖ്യകാര്യദർശി ആർച്ച്ബിഷപ് പോൾ ഗല്ലഗർ തിരുമേനി തിരുസിംഹാസനത്തിന്റെ പ്രതിനിധിയായി പങ്കെടുത്തത് മലങ്കര സുറിയാനി കത്തോലിക്കാ സഭക്ക് ആഗോളതലത്തിലുള്ള അംഗീകാരമായി കണക്കാക്കാം. പുനരൈക്യ ശില്പി സ്വപ്നം കണ്ടത് ഫലമണിയുന്നു. അനുഗ്രഹങ്ങളുടെ ഉറവയായ റാന്നി പെരുനാട്ടിൽ നിന്നും ഭാഗ്യങ്ങളുടെ കലവറയിലേക്കുള്ള തീർത്ഥാടന പദയാത്ര ഓരോ വർഷവും ഒരു വലിയ സാക്ഷ്യമായി മാറിക്കൊണ്ടിരിക്കുന്നു. പ്രാർത്ഥനാനിരതരായി അച്ചടക്കത്തോടെ, പൊതുസമൂഹത്തിന് യാതൊരു ബുദ്ധിമുട്ടും ഉണ്ടാക്കാതെ നടത്തുന്ന പദയാത്ര ഏവരുടെയും ശ്രദ്ധ ആകർഷിക്കുന്നു. പദയാത്രികരുടെ അനുഭവങ്ങൾ ആരേയും ആവേശഭരിതരാക്കും.

പദയാത്രയിലും, നമ്മുടെ മറ്റ് ആഘോഷങ്ങളിലും ഇനിയും നാം ഗൗരവമായി കാണേണ്ട ചില വിഷയങ്ങൾ ഉണ്ട്. അത്, പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ ആണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയുന്നതിൽ നാം ഇപ്പോഴും ഒട്ടും ശ്രദ്ധിക്കുന്നില്ല. നമ്മുടെ എല്ലാ പരിപാടികളിലും ഒരു 'ഗ്രീൻ പ്രോട്ടോകോൾ' പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. പരിസ്ഥിതി മലിനീകരണം കുമ്പസാരിക്കേണ്ട പാപമായി കത്തോലിക്കാ സഭ കണക്കാക്കുന്ന ഈ കാലയളവിൽ പ്രത്യേകിച്ചും, ശബ്ദ മലിനീകരണവും നാം ശ്രദ്ധിക്കേണ്ട ഒരു വലിയ വിഷയമാണ്. ദൈവാലയത്തിൽ വരുന്ന പല മുതിർന്നവർക്കും അമിത ശബ്ദം ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന തലത്തിൽ നാം എത്തുന്നു. ഈ ലോകം ഒരു പൊതുഭവനമാണെന്നും, എല്ലാവർക്കും ഇവിടെ ഒരു സ്ഥാനം ഉണ്ടെന്നുമുള്ള വിശ്വാസം സമഭാവനയോടുകൂടി ജീവിക്കാൻ നമ്മെ പ്രേരിപ്പിക്കും. അങ്ങനെ അനുഗ്രഹങ്ങളുടെ പെരുമഴക്കാലം ആസ്വദിക്കാൻ ദൈവം നമ്മെ പ്രാപ്തരാക്കും.

ധ്യാനചിന്ത



# ദൈവസ്നേഹത്തിന്റെ ശബ്ദം; കാലത്തിന്റെ പ്രവാചകന്മാരായ മാർ ഈവാനിയോസിലൂടെയും ഫ്രാൻസിസ് മാർപാപ്പയിലൂടെയും

**ഫാ. ബെഞ്ചമിൻ വിളയിൽ**
*സുവിശേഷസംഘം അസിസ്റ്റന്റ് ഡയറക്ടർ,*
*തിരുവനന്തപുരം മേജർ അതിഭദ്രാസനം*

ധന്യൻ മാർ ഈവാനിയോസ് പിതാവും (1882-1953) പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പയും (1936-2025) കഴിഞ്ഞ വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചവരായിട്ടും, ഇരുവരുടെയും ആത്മീയതയും സാമൂഹിക ദൗത്യബോധവും തമ്മിൽ നിരവധി സാമ്യങ്ങൾ കാണാം. സഭയെ നവീകരിക്കാനും, മനുഷ്യരിൽ ദൈവസാന്നിധ്യം ആഴത്തിൽ അനുഭവപ്പെടുന്ന രീതിയിൽ ക്രിസ്തീയ ജീവിതം പുനർവ്യാഖ്യാനിക്കാനും ഇരുവരും ശ്രമിച്ചു.

**1. ദരിദ്രരോടുള്ള കരുണയും സ്നേഹവും**

മാർ ഈവാനിയോസ് പിതാവിന്റെ ആത്മീയ ജീവിതം ദരിദ്രർക്കൊപ്പം കൂടി ജീവിക്കണമെന്നുള്ള ആകാംക്ഷയാൽ നിറഞ്ഞിരുന്നു. ബഥനിയാശ്രമം സ്ഥാപിച്ച്, സമൂഹത്തിന്റെ അതിരുകളിൽ നിന്നു മാറ്റിയിരിക്കുകയും, അവരെ കർശനമായ ആത്മീയതയിലേക്കും സാമൂഹിക ഉണർവിലേക്കും നയിക്കുകയും ചെയ്തു. അതുപോലെ, ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രവർത്തനത്തിന്റെ തുടക്കത്തിൽ തന്നെ ''ഒരു ദരിദ്രസഭയും ദരിദ്രരോടൊപ്പം നിലകൊള്ളുന്ന സഭയും'' എന്ന കാഴ്ചപ്പാട് മുന്നോട്ട് വെച്ചു. ദരിദ്രർക്കു വേണ്ടി സഭയുടെ മുഖം മാറ്റേണ്ടതുണ്ടെന്ന് അദ്ദേഹം പലതവണ ആഹ്വാനം ചെയ്തിട്ടുണ്ട്.

**2. വിനയം, ലാളിത്യം, ശുദ്ധത**

മാർ ഈവാനിയോസിന്റെ ജീവിതം സന്യാസീ ലാളിത്യത്തിലും ആത്മവിശുദ്ധിയിലും അധിഷ്ഠിതമായിരുന്നു. വൈഭവം ഒഴിവാക്കി ആത്മീയതയെ മുൻതൂക്കം നൽകിയ അദ്ദേഹത്തിന്റെ മാതൃക, ഇന്നും കേരള സഭയിലെ ഒരു ഉജ്ജ്വലതാരകയായി നിലനിൽക്കുന്നു. ഫ്രാൻസിസ് മാർപാപ്പ, വത്തിക്കാനിലെ അധികാരസിംഹാസനത്തിൽ എത്തിയിട്ടും, ലളിതമായ വാഹനങ്ങളിൽ യാത്രചെയ്യുകയും, സ്വതന്ത്രമായി ആളുകളെ കാണുകയും, സമാനവസ്ത്രങ്ങളിൽ ഇടപഴകുകയും ചെയ്തു. ഇരുവരുടെയും ജീവിതത്തിലെ ലാളിത്യം അവർ പ്രസംഗിച്ച സന്ദേശത്തെ ആത്മാർത്ഥമായി ജീവിച്ചെന്നതിന് തെളിവാണ്.

**3. ഏകതയ്ക്കുള്ള ആഗ്രഹം**

മാർ ഈവാനിയോസ് പിതാവിന്റെ വലിയ സ്വപ്നം ക്രിസ്തീയ ഏകതയായിരുന്നു. ഓർത്തഡോക്സ് സഭയുമായി വിഭജിച്ച നിലയിലായിരുന്ന സീറോ-മലങ്കര സഭയെ കത്തോലിക്കാ സഭയുമായി പുനരൈക്യത്തിലേക്കു നയിച്ചത് അദ്ദേഹത്തിന്റെ ദീർഘദർശിയായ നേതൃത്വത്തിന്റെ ഫലമായിരുന്നു. ഫ്രാൻസിസ് മാർപാപ്പാ ആഗോളതലത്തിൽ ക്രിസ്ത്യൻ സഭകളുടെ ഏകതയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും മറ്റു മതങ്ങളുമായി ആശയവിനിമയത്തിനും സ്നേഹപരമായ ബന്ധങ്ങൾക്കുമുള്ള വിളിനൽകുകയും ചെയ്തു. ഇരുവരും ''ഭിന്നതയുള്ള ഏകത'' എന്ന ആശയത്തെ പിന്തുടർന്നു.

**4. പരിസ്ഥിതി, സമൂഹം, ആത്മാവിന്റെ നവീകരണം**

മാർ ഈവാനിയോസ് പിതാവ് ആത്മീയ നവോത്ഥാനത്തിന്റെ ഭാഗമായ സാമൂഹിക ഉത്തരവാദിത്തത്തെ ചൂണ്ടിക്കാട്ടിയപോലെ, ഫ്രാൻസിസ് മാർപാപ്പാ തന്റെ പ്രസിദ്ധമായ Laudato Si' എന്ന പരിചരണകല്പനയിൽ, സൃഷ്ടിയുടെ സംരക്ഷണം ആത്മീയ പരിമിതിക്ക് കീഴിലാണെന്നു വ്യക്തമായി പറഞ്ഞു. പരിസ്ഥിതി സംരക്ഷണം, സാമൂഹിക നീതി, സഹജീവിതം ഇവയെല്ലാം ക്രിസ്തുവിന്റെ പ്രഭാഷണത്തിന്റെ ഭാഗമാണ് എന്നു കാണിച്ചുകൊണ്ടാണ് ഇരുവരും പ്രവർത്തിച്ചത്.

ഇരുവരുടെയും ജീവിതം സഭയുടെ ആന്തരിക നവീകരണത്തിനും വിശ്വാസികളുടെ ആത്മീയ ഉണർവിനും വലിയ നിർദേശങ്ങളാണ്. മാർ ഈവാനിയോസും ഫ്രാൻസിസ് മാർപാപ്പായും നമ്മുടെ കാലഘട്ടത്തിന്റെ ആകാംക്ഷകൾക്കനുസരിച്ചും ക്രിസ്തുവിന്റെ വചനത്തിന് അടിസ്ഥാനമായും സഭയെ ലോകത്തോട് കൂടുതൽ സഹാനുഭൂതിപൂർണ്ണമായി പ്രതിനിധീകരിക്കാൻ ശ്രമിച്ചു. ഇവരുടെ ചിന്തകളും പ്രവർത്തിയും സമകാലിക സഭയ്ക്ക് ദിശാനിർദേശമായി തുടർന്നുനിൽക്കുന്നു.

**സുവിശേഷസംഘാംഗങ്ങൾ സംഭാവന അയക്കാവുന്നതാണ്**

**മൂന്ന് വിധത്തിൽ തുക അടയ്ക്കാവുന്നതാണ്**

1. ബാങ്ക് വഴി
   **Suvishesha Sangam, Catholic Syrian Bank (CSB)**
   **Pattom Branch, Trivandrum**
   **A/C No : 0298-04112633-190001**
   **IFSC : CSBK0000298**
2. **UPI Payment ID: Suvisheshasangam.10006773@csbpay**
3. **UPIMobile number : 8281512877**

Scan and pay here
SUVISHESHA SANGAM
TRIVANDRUM






www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



മാർത്താണ്ഡം ഭദ്രാസനം കൊല്ലംകോട് വൈദിക ജില്ലയിൽ 1-ാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചവർ

## സഭാതല വാർത്തകൾ

### സ്ഥാനാരോഹണം

മാവേലിക്കര ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവിന് തിരുവനന്തപുരം നാലാഞ്ചിറ ഗിരിദീപം റിന്യൂവൽ സെന്ററിൽ ജൂൺ 25ന് വച്ച് നല്കിയ യാത്രയപ്പിലും, ജൂൺ 29ന് മാവേലിക്കര പുന്നമൂട് കത്തിഡ്രലൽ വച്ച് നടന്ന മെത്രാൻ സ്ഥാനാരോഹണ ശുശ്രൂഷകളിലും സുവിശേഷസംഘത്തെ പ്രതിനിധീകരിച്ച് സുവിശേഷസംഘത്തിന്റെ ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസും എക്സിക്യൂട്ടിവ് സെക്രട്ടറി ബഹു. ഫാ. ബനഡിക്റ്റ് മൂഴിക്കര ഒഐസിയും പങ്കെടുത്തു.

### മലങ്കര കത്തോലിക്കാ സിനഡൽ കമ്മീഷൻ പദ്ധതികൾ

### മിഷൻ സന്ദർശനം, ഓൺലൈൻ മിഷൻ പരിശീലനം

മലങ്കര കത്തോലിക്കാ സഭയിലെ സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷന്റെ നേതൃത്വത്തിൽ കൈവയ്പ്പു കിട്ടിയ സുവിശേഷസംഘാംഗങ്ങൾക്കായി നടത്തിയ മിഷൻ പരിശീലനത്തിന്റെ തുടർച്ചയായി 4 പേരടങ്ങിയ ഒരു ടീം കട്ഖി-പുനാ ഭദ്രാസനത്തിന്റെ കീഴിലുള്ള ദേൻകനിങ്കോട്ടൈ മിഷന്റെ കീഴിലുള്ള 12 വില്ലേജുകളിൽ 2025 ഏപ്രിൽ 23 മുതൽ മാർച്ച് 4 വരെയുള്ള ദിവസങ്ങളിൽ സന്ദർശനം നടത്തി. ശ്രീ. വർഗ്ഗീസ് എബ്രഹാം, ശ്രീമതി. മേരിക്കുട്ടി വർഗ്ഗീസ്, ശ്രീമതി. ഉഷാ രാജൻ, മിസ്. അപർണ്ണ, എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. ദേൻകനിങ്കോട്ടൈ മിഷന്റെ വികാരി ബഹു. ഫാ. ജോസ് ബന്നറ്റ്, ബഹു. ഫാ. ക്രിസ്തുദാസ്, ബഹു സി. പ്രഭാ എസ്. ഐ.സി, ബഹു സി. ശോഭാ എസ്. ഐ.സി എന്നിവരോട് ചേർന്ന് നടത്തിയ മിഷൻ സന്ദർശനം. 6 പേരടങ്ങിയ മറ്റൊരു മിഷൻ ടീം സെന്റ് ക്രിസോസ്റ്റം ഗുഡ്ഗാവ് ഭദ്രാസനത്തിന്റെ കീഴിലുള്ള ത്രിപുര മിഷന്റെ കീഴിലുള്ള 36 വില്ലേജുകളിൽ 2025 ഏപ്രിൽ 1 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ സന്ദർശനം നടത്തി. ശ്രീ. എഡിസൺ, ശ്രീ തോമസ് കളിയ്ക്കൽ, ശ്രീ ജോർജുകുട്ടി, ശ്രീമതി അന്നമ്മ തോമസ്, ശ്രീമതി ക്രിസ്റ്റീന എഡിസൺ, ശ്രീമതി. ജസീന്താൾ ഡി. എന്നിവരാണ് ടീമിൽ ഉണ്ടായിരുന്നത്. ത്രിപുര മിഷന്റെ വികാരി ബഹു. ഫാ. അഗസ്റ്റിൽ ഒഐസിയും മറ്റ് ബഥനിവൈദികരും. ഈ ഗ്രൂപ്പുകൾക്കായി 5 ഓൺലൈൻ പരിശീലനങ്ങൾ നടത്തി. മിഷൻ സന്ദർശനങ്ങൾ സുവിശേഷ സംഘാംഗങ്ങളുടെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമായി മാറി. കൈവയ്പ്പു സ്വീകരിച്ചവരുടേയും പരിശീലനം നേടുന്നവരുടെയും നേതൃത്വത്തിൽ വസ്ത്രങ്ങൾ, പണം ഇവ ശേഖരിച്ച് മിഷന് നല്കി വരുന്നു.

മിഷൻ പ്രവർത്തനത്തിന് താല്പര്യമുള്ളവരെ ഉൾപ്പെടുത്തി 2025-ൽ പുതിയ ഒരു മിഷൻ ബാച്ചും ആരംഭിച്ചു. പുതിയ ബാച്ച് മിഷനറിമാർക്കുള്ള പരിശീലനം കാതോലിക്കേറ്റിൽ ക്രമീകരിച്ചിക്കുന്നു. കൂടാതെ മിഷനിൽ സന്ദർശനം നടത്തിയവർക്കുള്ള തുടർ പരിശീലനവും പദ്ധതികളും, പുതിയ മിഷൻ സന്ദർശന പരിപാടികളും ആവിഷ്ക്കരിച്ചു വരുന്നു.

### ഫിയാത്ത് മിഷൻ മഹാമേള 2025

നവീനമായ രീതിയിൽ ആഗോളവ്യാപകമായി സുവിശേഷ ശുശ്രൂഷ ചെയ്യുന്ന മിഷൻ ഏജൻസിയായ ഫിയാത്ത് മിഷൻ, വർഷം തോറും സംഘടിപ്പിക്കുന്ന ഫിയാത്ത് മിഷൻ ചങ്ങനാശ്ശേരി കാർമൽ സ്കൂൾ ക്യാമ്പസിൽ സംഘടിപ്പിച്ച മിഷൻ മഹാമേള 2025-ൽ മലങ്കര കത്തോലിക്ക ഇവാഞ്ചലൈസേഷൻ കമ്മീഷന്റെയും സുവിശേഷ സംഘത്തിന്റെയും നേതൃത്വത്തിൽ നമ്മുടെ സഭയിൽ നിന്നും മുതിർന്നവരും കുട്ടികളും അടക്കം 250 സുവിശേഷ സംഘാംഗങ്ങൾ പങ്കെടുത്തു. മലങ്കര



പ്രീച്ചിംഗ് മിഷൻ ട്രെയിനിംഗ്, കാതോലിക്കേറ്റ് സെന്ററിൽ






ഫിയാത്ത് മിഷൻ മഹാസമ്മേളനം ചങ്ങനാശ്ശേരി

www.malankaralibrary.com



# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ

സുറിയാനി കത്തോലിക്കാ ആരാധനാക്രമത്തിലുള്ള വിശുദ്ധ കുർബാന, മിഷൻ ഓറിയന്റേഷൻ എക്സിബിഷൻ തുടങ്ങിയ പരിപാടികൾ ആയിരുന്നു ക്രമീകരിച്ചിരുന്നത്. പങ്കെടുത്തവർക്കെല്ലാം മിഷൻ പ്രവർത്തനത്തോട് വലിയ ആഭിമുഖ്യം ഉണ്ടാകുന്നതിന് ഇടയായി. ഫിയാത്ത് മിഷൻ സ്ഥാപകനായ ബ്രദർ സീറ്റ്ലി ക്ലാസുകൾക്ക് നേതൃത്വം നൽകിയത് വലിയ അനുഗ്രഹമായിരുന്നു.

**ചെറിയ അജഗണം മധ്യസ്ഥ പ്രാർത്ഥന മിനിസ്ട്രി**

സിനഡൽ കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷൻ നേതൃത്വത്തിൽ ലോക-ഭാരത സുവിശേഷവൽക്കരണത്തിനായി പ്രാർത്ഥിക്കുന്നതിന് ചെറിയ അജഗണം എന്ന പേരിൽ ഒരു ഓൺലൈൻ മധ്യസ്ഥ പ്രാർത്ഥന ഗ്രൂപ്പ് ആരംഭിച്ചു. ഓരോ ഗ്രൂപ്പിലും 12 പേർ അടങ്ങുന്ന ടീം ആഴ്ചയിലൊരിക്കൽ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഒരുമിച്ച് ചേർന്ന് പ്രാർത്ഥനകൾ നടത്തുന്നു. സാധിക്കുന്ന എല്ലാവർക്കും ഗ്രൂപ്പുകൾ ആരംഭിക്കാവുന്നതാണ്. 100 ഗ്രൂപ്പുകൾ ആരംഭിക്കുന്നതിനാണ് പദ്ധതിയിടുന്നത്.

**യുവമിഷനറി സംഘം**

മലങ്കര കത്തോലിക്കാ സഭയിലെ മിഷൻ ആഭിമുഖ്യമുള്ള യുവജനങ്ങൾക്കായി ആദ്ധ്യാത്മിക ചൈതന്യത്തിൽ വളരുന്നതിനു വേണ്ടി യുവമിഷനറി സംഘം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. ഓൺലൈനിൽ വിവിധങ്ങളായ മീറ്റിങ്ങുകൾ സംഘടിപ്പിച്ചു. യുവമിഷനറി സംഘത്തിനുള്ള നേരിട്ടുള്ള പരിശീലനവും കൂട്ടായ്മയും സെപ്റ്റംബർ മാസം 12-14 തീയതികളിൽ കാതോലിക്കേറ്റിൽ ക്രമീകരിച്ചിരിക്കുന്നു.

**സുവിശേഷസംഘം പ്രീച്ചിങ്ങ് മിനിസ്ട്രി**

സുവിശേഷ പ്രസംഗം നടത്തുവാൻ താല്പര്യമുള്ള സഭാതലത്തിലും ദ്രാസന തലത്തിലും കൈവയ്പ്പു സ്വീകരിച്ച 100 സുവിശേഷസംഘാംഗങ്ങൾ അടങ്ങിയ ഒരു ബാച്ചിന് തുടങ്ങിയ പരിശീലനം 2024 ഏപ്രിൽ 10 ന് ആരംഭിച്ച് 2025 ജൂൺ 9 ന് ആവസാനിച്ചു. 70 പേർ ഇത് വിജയകരമായി പൂർത്തിയാക്കി. ഇവർക്ക് സർട്ടിഫിക്കറ്റ് നല്കി. പരിശീലനത്തിൽ പങ്കെടുത്തവർ അനുഗ്രഹകരമായി വചനപ്രഘോഷണം നടത്തി വരുന്നു.

വചനവർഷത്തോട് അനുബന്ധിച്ച് ഒരു വർഷം നീണ്ടുനിൽക്കുന്ന ഓൺലൈൻ പ്രസംഗ പരിശീലനം (പ്രീച്ചിങ്ങ് മിനിസ്ട്രി) ആരംഭിച്ചു വിജയകരമായി മുന്നോട്ട് പോകുന്നു. എല്ലാ ബുധനാഴ്ചയും രാത്രി 8.30 മുതൽ 10.00 മണിവരെയാണ് പരിശീലനം.

**തുടർപരിശീലനം**

സഭാതലം 1-4 വരെ ബാച്ചുകളുടെ തുടർ പരിശീലനം ഓൺലൈനായി, ജൂൺ 6, തിയതി നടത്തപ്പെട്ടു.

**മാർ ഇവാനിയോസ് ഡേ, കബർ മിനിസ്ട്രി**

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടത്തിൽ മാധ്യസ്ഥ പ്രാർത്ഥന ശുശ്രൂഷ എല്ലാ ദിവസവും രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ ബഹു. സി. ഗ്ളോറി തെരേസ്സ് ഡിഎമ്മിന്റെയും സുവിശേഷസംഘാംഗങ്ങളുടെയും നേതൃത്വത്തിൽ നടന്നുവരുന്നു. 2025 - ലെ മാർ ഇവാനിയോസ് ഡേയുടെ മുന്നോടിയായി നടന്ന പ്രാർത്ഥന ദിവസങ്ങളിൽ ജൂലൈ 9ന് 9.00 മുതൽ 11.00 വരെ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്ത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷ നടന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നും ധാരാളം സുവിശേഷസംഘാംഗങ്ങൾ ഇതിൽ പങ്കെടുത്ത് അനുഗ്രഹീതരായി.

## ഭദ്രാസനതല വാർത്തകൾ

**പുതിയ നിയമനങ്ങൾ**

മാർത്താണ്ഡം, മൂവാറ്റുപുഴ, കട്ഖി-പൂനാ എന്നീ ഭദ്രാസനങ്ങളിലെ സുവിശേഷ സംഘത്തിന്റെ ഡയറക്ടർമാരായി ബഹു. ഫാ. സാബു മുളകുകൊടിയിൽ, ബഹു.ഫാ. ആന്റോ ജബിൻ, എന്നിവരും ആനിമേറ്റേഴ്സായി ബഹു. സി. മഡോണാ ഡി.എം, ബഹു. സി. ഫിലോ ഒഎസ്എസ്. എന്നിവരും നിയമിതരായി.

**വൈദികജില്ലാ പരിശീലനങ്ങൾ**

2022-23 മുതൽ വൈദിക ജില്ലകൾ കേന്ദ്രീകരിച്ചുള്ള സുവിശേഷസംഘപരിശീലനം അഞ്ചൽ, ചെങ്ങന്നൂർ, പാറശാല, ഇടക്കര-നിലമ്പൂർ വൈദിക ജില്ലകളിൽ പൂർത്തിയായി കൈവയ്പ്പു ശുശ്രൂകൾക്കായി ഒരുങ്ങുന്നു. 2025 അവസാനത്തോടെ പുതിയ ബാച്ചുകൾ ആരംഭിക്കുന്നു.

പരിശീലനം നടക്കുന്ന ഭദ്രാസനങ്ങൾ, വൈദിക ജില്ലകൾ പൂർത്തിയായ പരിശീലനങ്ങളുടെ എണ്ണം

തിരുവനന്തപുരം മേജർ അതിഭദ്രാസനം - അഞ്ചൽ (10) അടൂർ (7) കൊട്ടാരക്കര (7) നെടുമങ്ങാട് (7) തിരുവല്ല അതിഭദ്രാസനം (7) മാവേലിക്കര ഭദ്രാസനം- ചെങ്ങന്നൂർ (9) കറ്റാനം-കടമ്പനാട്-മാവേലിക്കര (5) മാർത്താണ്ഡം ഭദ്രാസനം - കളിയിക്കാവിള (5) പാറശാല ഭദ്രാസനം - പാറശാല (9) മൂവാറ്റുപുഴ ഭദ്രാസനം-പിറവം (8) പുത്തൂർ ഭദ്രാസനം - ദക്ഷിണ കന്നഡ (7) ബത്തേരി ഭദ്രാസനം -എടക്കര നിലമ്പൂർ (9) പത്തനംതിട്ട ഭദ്രാസനം - നാലാം ബാച്ച് (4)

**കൈവെപ്പ് ശുശ്രൂഷ**

2023 -ൽ മാർത്താണ്ഡം ഭദ്രാസനത്തിലെ കൊല്ലങ്കോട് വൈദിക ജില്ലയിൽ പരിശീലനം പൂർത്തിയാക്കിയ 10 അംഗങ്ങൾ മാർത്താണ്ഡം ക്രിസ്തുരാജാ കത്തീഡ്രലിൽ വച്ച് 2025 ജൂൺ 29-ന് രാവിലെ 6.30 ന് മാർത്താണ്ഡം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ വിൻസന്റ് മാർ പൗലോസ് പിതാവിന്റെ നാമഹേതുക തിരുന്നാളിനോടനുബന്ധിച്ചുള്ള വി. കുർബ്ബാന മധ്യേ കൈവെപ്പ് സ്വീകരിച്ചു. മാവേലിക്കര ഭദ്രാസനത്തിന്റെ മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവ്, സുവിശേഷസംഘം ചെയർമാൻ അഭിവന്ദ്യ ആന്റണി മാർ സിൽവാനോസ് പിതാവ് എന്നിവർ സഹകാർമ്മികരായിരുന്നു. വികാരി ജനറൽ പെരിയ ബഹു. ജോസ് ബ്രൈറ്റ്, ബഹുമാനപ്പെട്ട വൈദികർ, സന്യസ്തർ, കൈവെപ്പു സ്വീകരിക്കുന്നവരുടെ ഇടവക വികാരിമാർ, കുടുംബാംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. സുവിശേഷസംഘം എക്സിക്യൂട്ടീവ് സെക്രട്ടറി ബഹു. ഫാദർ ബെനഡിക്ട് മൂഴിക്കര ഒ.ഐ.സി. ജോയിന്റ് സെക്രട്ടറി സി. മേരി പ്രസാദ് ഡിഎം, മാർത്താണ്ഡം ഭദ്രാസന സുവിശേഷസംഘം ഡയറക്ടമാരായ ബഹു. ഫാദർ ജെബിൻ ജോൺ, ബഹു. ഫാദർ ആന്റോ ജെബിൻ, ആനിമേറ്റർ സിസ്റ്റർ റീത്താ ഗ്രേസ് ഡി.എം, സി. മഡോണാ ഡി.എം കോഡിനേറ്റേഴ്സ് തുടങ്ങിയവർ എല്ലാ ക്രമീകരണങ്ങൾക്കും നേതൃത്വം നൽകി.



മാവേലിക്കര ഭദ്രാസനത്തിന്റെ പുതിയ അദ്ധ്യക്ഷനായി നിയമിതനായ അഭിവന്ദ്യ മാത്യൂസ് മാർ പോളിക്കാർപ്പസ് പിതാവിന് സുവിശേഷസംഘത്തിന്റെ പ്രാർത്ഥനാശംസകൾ

**വചന വർഷം, സുവിശേഷസംഘ ശുശ്രൂഷകൾ**

വചനവർഷത്തോട് അനുബന്ധിച്ചുള്ള ലക്സിയോ ദിവീന വചന-ധ്യാന രീതിക്ക് സുവിശേഷസംഘാംഗങ്ങൾ ഇടവകളിലും പ്രാർത്ഥനാ കൂട്ടായ്മകളിലും നേതൃത്വം നൽകുന്നു. തിരുവനന്തപുരം നാലാഞ്ചിറ ഇടവകയിലെ 530 കുടുംബങ്ങളിലും സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ ലെക്സിയോ ദിവീനാ നടത്തി. ഭവനസന്ദർശന ശുശ്രൂഷ വിവിധ രൂപതകളിൽ നടന്നു വരുന്നു.

വൈദികജില്ലകളിലും ഇടവകകളിലും കൂട്ടായ്മകളിലും രോഗീശുശ്രൂഷ, പ്രാർത്ഥനാ കൂട്ടായ്മകളിൽ വചനശുശ്രൂഷ, കൺവൺഷൻ, സുവിശേഷസന്ധ്യ, മരണവീടുകളിലുള്ള പ്രാർത്ഥനാശുശ്രൂഷ, സുവിശേഷ സംഘ വൈദിജില്ലാ പരിശീലനം നടക്കുന്ന സ്ഥലങ്ങളിലുള്ള ക്രമീകരണങ്ങൾ, ക്രിസ്തുവിനെ അറിയാത്തവരുടെ ഇടയിലുള്ള മിഷൻ പ്രവർത്തനം, വ്യക്തിപരമായ ശുശ്രൂഷകൾ, മധ്യസ്ഥപ്രാർത്ഥനാ, ഇടവകയിലെ പൊതു ശുശ്രൂഷകൾ, സുവിശേഷസംഘത്തിനും മിഷനും നല്കുന്ന സാമ്പത്തിക സഹായം, ഇവകൾക്കെല്ലാം സുവിശേഷസംഘാംഗങ്ങൾ നേതൃത്വം വഹിക്കുന്നു.



സുവിശേഷസംഘ പരിശീലനം പാറശ്ശാല വൈദിക ജില്ല

## NEW EPARCHIAL DIRECTORS, ANIMATORS & COORDINATOR



Fr. Anto Jibin
Eparchy of Marthandam



Fr. Sabu Mulakukodiyil
Eparchy of Muvattupuzha



Fr. Jose Venmalottu
Eparchy of Khadki-Pune



Sr. Madona DM
Eparchy of Marthandam



Sr. Philo OSS
Eparchy of Muvattupuzha



Sr. Sajeeva SIC
Eparchy of Khadki-Pune



Mr. Binu Pattiyanickal
Eparchy of Khadki-Pune

www.malankaralibrary.com



( ...... 2-ാം പേജിൽ നിന്നും തുടർച്ച)

സമയത്തിനുള്ളിൽ വിവേചനാധികാരത്തിൽ എത്തിച്ചേർന്നത് ശ്രദ്ധേയമാണ്. പല കാരണങ്ങൾ കൊണ്ടും വിഭജനം നിലനിൽക്കുന്ന ഒരു വിഘടിത ലോകത്ത്, പ്രാർത്ഥന, പാരമ്പര്യം, പരിശുദ്ധാത്മാവിലുള്ള വിശ്വാസം എന്നിവയിൽ അധിഷ്ഠിതമായ ഐക്യത്തിന്റെ സാധ്യതയ്ക്ക് സഭ വീണ്ടും സാക്ഷ്യം വഹിച്ചു.

പുതിയ മാർപ്പാപ്പയുടെ വ്യക്തിഗത പശ്ചാത്തലം രാഷ്ട്രീയ, സാംസ്ക്കാരിക, ബൗദ്ധിക, മതാന്തരസംവാദ വൃത്തങ്ങളിൽ ആഴമായ താൽപ്പര്യത്തോടെയും മമതയോടും കൂടി സ്വീകരിക്കപ്പെടുന്നു. അഗസ്തീനിയൻ സന്യാസി, പെറുവിലെ മിഷനറി, ബിഷപ്പ്, രൂപതാ മെത്രാൻ, റോമൻ കൂരിയയിലെ പരിചയസമ്പന്നനായ വ്യക്തി എന്നീ നിലകളിൽ അദ്ദേഹത്തിന്റെ ജീവിത പശ്ചാത്തലം അദ്ദേഹത്തെ ആഗോളതല നേതൃത്വത്തിനും അജപാലനപര ശുശ്രൂഷകൾക്കും ഒരു പോലെ പ്രാപ്തനാക്കുന്നു. ധ്യാനാത്മകത, മിഷനറി തീക്ഷണത, ഗതകാല ജ്ഞാനം എന്നിവയുടെ സമന്വയം പിതാവിന്റെ വ്യക്തിത്വത്തെയും ദർശനത്തെയും ആകർഷകമാക്കുന്നു. അവ സഭാത്മകമായ തലങ്ങളിൽ മാത്രമല്ല നയതന്ത്രപരവും മാനുഷിക പുരോഗതിക്ക് ഉതുകുന്നതുമായ വിവിധ മേഖലകളിലും ഇടപെടുന്നതിന് പിതാവിനെ നിർബന്ധിക്കുന്നു.

അപ്പോസ്തലിക് നുൺഷ്യോ എന്ന നിലയിൽ, മധ്യേഷ്യയിലും അതിനപ്പുറത്തുമുള്ള രാജ്യങ്ങളെക്കെ നവീകരണ തുടർച്ചയുടെയും, വിനയത്തിന്റെയും, തെളിഞ്ഞ പ്രത്യാശയുടെയും പ്രതിഫലനമായി ഈ നിമിഷത്തെ എങ്ങനെ വ്യാഖ്യാനിക്കുന്നുവെന്ന് ഞാൻ കാണുന്നു. സഭയുടെ പരിശുദ്ധ സിംഹാസനത്തിലെ ലെയോ പതിനാലാമൻ മാർപ്പാപ്പയുടെ ശുശ്രൂഷയിലൂടെ ഒരു ധാർമ്മിക ദിശാബോധം സങ്കീർണ്ണത നിറഞ്ഞ ആധുനിക നാഗരിക സംസ്ക്കാരങ്ങളിൽ, ലോകത്തിന് നൽകുന്നത് തുടരുന്നു.

**4 സഭയുടെയും അവളുടെ ദൗത്യവും, പരി. ലിയോ പതിനാലാമൻ മാർപ്പാപ്പയുടെ ദർശനം**

ലിയോ പതിനാലാമൻ മാർപ്പാപ്പയെ സംബന്ധിച്ചിടത്തോളവും സഭയുടെ ദൗത്യം, സുവിശേഷത്തിലൂടെ വിശ്വസ്തതയോടെ കൈമാറ്റം ചെയ്യപ്പെട്ടതും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളിലൂടെ പുതുതായി പ്രകാശിപ്പിക്കപ്പെട്ടതുമായ, ക്രിസ്തുവിന്റെ തന്നെ ദൗത്യമല്ലാതെ മറ്റൊന്നുമല്ല. ഇത് തന്റെ ആദ്യ പ്രസംഗങ്ങളിൽ, 'നാം ക്രിസ്തുവിന്റെ ശിഷ്യന്മാരാണ്, അവൻ നമുക്ക് മുന്നോട്ടുള്ള വഴി കാണിച്ചുതരുന്നു' എന്ന് മാർപ്പാപ്പ ഉറപ്പിച്ചു പറഞ്ഞു. 'വിശ്വാസികളുടെ ഒരു സമൂഹം, പ്രത്യാശയിൽ ഒരുമിച്ച് സഞ്ചരിക്കുന്ന ഒരു കുടുംബം' ആയിരിക്കാൻ അദ്ദേഹം സഭയെ വിളിച്ചു. 'ദൈവവുമായും പരസ്പരം കൈകോർത്ത്, ഭയമില്ലാതെ മുന്നോട്ട് നീങ്ങാൻ' എല്ലാവരെയും ക്ഷണിച്ചു. 'എല്ലാവരിലേക്കും സുവിശേഷത്തിന്റെ പ്രത്യാശ എത്തിക്കുക, അങ്ങനെ എല്ലാവർക്കും ദൈവ സ്നേഹം സ്വീകരിക്കുന്നതിന്റെ സന്തോഷം അനുഭവിക്കാൻ കഴിയും' എന്ന സഭയുടെ ദൗത്യം അദ്ദേഹം വീണ്ടും നമ്മെ ഓർപ്പിച്ചു.

എല്ലാ സംസ്കാരത്തിലും കാലത്തും ക്രിസ്തുവിന്റെ കരുണ, നീതി, സത്യം എന്നിവ ഉൾക്കൊള്ളാൻ വിളിക്കപ്പെട്ട ഒരു ദൈവജനമായിട്ടാണ് അദ്ദേഹം സഭയെ കാണുന്നത്. വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകളായ ജനതകളുടെ പ്രകാശം (Lumen Gentium) സഭാ ആധുനിക ലോകത്തിൽ (Gaudium et Spes) എന്നിവയിൽ അടിസ്ഥാനമാക്കിയ ചിന്തകൾ പാപ്പയുടെ വാക്കുകളിൽ ശ്രവിക്കാനാവും. പലപ്പോഴും ഒഴിവാക്കലും ശബ്ദവും കൊണ്ട് അടയാളപ്പെടുത്തിയ ഒരു ലോകത്ത് ജീവിക്കുമ്പോൾ സുവിശേഷം അറിയിക്കാനും, മനുഷ്യരാശിയുടെ സന്തോഷങ്ങളും ദുഃഖങ്ങളും ശ്രദ്ധിക്കാനും, കൂട്ടായ്മയുടെ വിശ്വസനീയമായ സാക്ഷിയാകാനും സഭ നിലവിലുണ്ടെന്ന് ലിയോ മാർപ്പാപ്പ ഊന്നിപ്പറയുന്നു. ''നമ്മുടെ ചെറിയ ഗ്രൂപ്പുകളിൽ നമ്മെത്തന്നെ അടയ്ക്കാതെ, ആരിൽ നിന്നും അകന്നു നിൽക്കാതെ, മറ്റാരേയുംകാൾ തങ്ങൾ ശ്രേഷ്ഠരാണെന്ന് സ്വയം വിചാരിക്കാതെ സ്നേഹത്തിന്റെ സുവിശേഷം പ്രഖ്യാപിക്കാൻ ഇന്ന് വി.പത്രോസിന്റെ കസേരയിൽ ഇരിക്കുന്ന മിഷനറി ബിഷപ്പ്, നമ്മെ ക്ഷണിക്കുന്നു. എപ്പോഴും കരുണ ആവശ്യമുള്ളതും ക്ഷമിക്കപ്പെട്ടതുമായ പാപികളുടെ ഒരു ജനമാണ് സഭ. അതുകൊണ്ടാണ് നാം എല്ലാവിധത്തിലുമുള്ള ആധിപത്യ പ്രവണതകളിൽ നിന്നും സ്വയം ഒഴിഞ്ഞു മാറേണ്ടതുണ്ട് എന്ന് പരി. പാപ്പാ നമ്മെ ഓർമ്മിപ്പിക്കുന്നു. ബലഹീനതയുടെ വഴി തിരഞ്ഞെടുത്ത് നമ്മെ രക്ഷിക്കാൻ കുരിശിലെ മരണത്തെ സ്വീകരിച്ചുകൊണ്ട് സ്വയം താഴ്ത്തിയ ദൈവത്തിന്റെ അനുയായികളെന്ന നിലയിൽ. എല്ലാവർക്കും ദൈവത്തിന്റെ സ്നേഹം അർപ്പിക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. 'ഐക്യത്തിന്റെയും കൂട്ടായ്മയുടെയും അടയാളമായിരിക്കാൻ ലിയോ പതിനാലാമൻ മാർപ്പാപ്പ നമ്മെ വിളിച്ചു, അത് അനുരഞ്ജന ലോകത്തിന് പുളിമാവായി മാറുന്നു.'

**5. ഒരു സിനഡൽ സഭയിലൂടെ എങ്ങനെയാണ് ഒരു മിഷനറിയാകുന്നത് ?**

സഭയെ സംബന്ധിച്ച് ഇത് ഏറ്റവും ആനുകാലികമായ ദർശനമാണ്. ഒരു സിനഡൽ സഭയിലൂടെ ഒരു മിഷനറിയാകുക എന്നാൽ അപ്പോസ്തോലന്മാരുടെ പ്രവൃത്തികളുടെ പുസ്തകത്തിൽ കാണുന്നതുപോലെ സഭയെ വീണ്ടും കണ്ടെത്തുക എന്നതാണ്. ഹൃദയഐക്യത്തിലും പ്രാർത്ഥനയിലും അപ്പം മുറിക്കലിലും ഐക്യപ്പെട്ട ഒരു സമൂഹമായി മാറുക എന്നതുതന്നെ. സഭ യഥാർത്ഥത്തിൽ മിഷനറിയാകുന്നത് നയപരമായ വൈവിദ്ധ്യങ്ങളിലൂടെയോ പരിപാടികളിലൂടെയോ അല്ല, മറിച്ച് കൂട്ടായ്മയിലൂടെയാണ്. ആദിമ സഭ ശക്തിയാലല്ല, ഐക്യത്താലാണ് സാക്ഷ്യം വഹിച്ചത്. ഈ ഐക്യമായിരുന്നു അവളുടെ ഏറ്റവും ശക്തമായ സാക്ഷ്യം. തിരുവെഴുത്ത് നമ്മോട് പറയുന്നതുപോലെ, 'രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു.' (അപ്പ. 2:47).അപ്പോൾ, ഒരു സിനഡൽ സഭ എന്നാൽ, തിരുസഭയിലെ മെത്രാൻമാർ, പുരോഹിതർ, സന്യസ്തർ, അത്മായർ ഒരുമിച്ച് പരിശുദ്ധാത്മാവിനെയും പരസ്പരവും ശ്രവിച്ചുകൊണ്ട് നടക്കുന്ന ജീവിതക്രമമാണ്. ആധികാരികമായി ആത്മാവിനാൽ നയിക്കപ്പെട്ട് ഒരുമിച്ച് നാം യാത്ര ചെയ്യുന്നത് വിശ്വസനീയമായ സാക്ഷ്യത്തിന് ജന്മം നൽകുന്നു. ഈ സാക്ഷ്യം വെറും യുക്തിയല്ല മറിച്ച്, ഹൃദയങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിക്കുന്ന മാതൃകയാണ്. പ്രേഷിതദൗത്യം പ്രവർത്തനത്തിൽ നിന്നല്ല, മറിച്ച് കൂട്ടായ്മയിൽ നിന്നാണ് ഒഴുകുന്നത്. അങ്ങനെ, ഓരോ ഇടവകയിലും, കുടുംബത്തിലും, എല്ലാ സഭാസ്ഥാപനങ്ങളിലും, സഭാത്മക സമ്മേളനങ്ങളിലും, സിനഡാലിറ്റി സുവിശേഷവൽക്കരണത്തിന്റെ പാതയായി മാറുന്നു. ഈ ഐക്യത്തിൽ, വിനയത്തോടും, വിശ്വസ്തതയോടും, പരസ്പര സ്നേഹത്തോടും കൂടി ജീവിക്കുമ്പോൾ, നാം സുവിശേഷത്തെക്കുറിച്ച് വെറുതെ സംസാരിക്കുക മാത്രമല്ല ചെയ്യുന്നത്: നാം അതായിത്തീരുന്നു. അതിനാൽ, സഭ മിഷനറിയാകുന്നത് അവൾ പഠിപ്പിക്കുന്നതു കൊണ്ടു മാത്രമല്ല മറിച്ച് താൻ ആരാണ് എന്ന അസ്ഥിത്വത്തിൽ നിരന്തരം ജീവിക്കുന്നതിലൂടെയാണ്.

**അനുഭവസാക്ഷ്യം**



# ത്രിപുര മിഷൻ
## സുവിശേഷ സാക്ഷ്യം

**എഡിസൺ ജി വർഗ്ഗീസ് &**

**ക്രിസ്റ്റീനാ എഡിസൺ**

*സുവിശേഷസംഘം,*
*മൂവാറ്റുപുഴ ഭദ്രാസനം 1-ാം ബാച്ച്*



''അങ്ങയുടെ വചനം എന്റെ പാദത്തിന് വിളക്കും പാതയിൽ പ്രകാശവും ആണ്'' (സങ്കീ.119:15) ''അവിടുന്ന് നൽകിയ അനുഗ്രഹം ഒന്നും മറക്കരുത്'' (സങ്കീ. 103:2) മലങ്കര സുവിശേഷ സംഘത്തിലെ ദമ്പതികൾ ആയി തിരഞ്ഞെടുക്കപ്പെട്ട മൂവാറ്റുപുഴ രൂപതയിലെ ആദ്യ ബാച്ചിലെ ആദ്യ ദമ്പതികൾ ആകുവാൻ ഞങ്ങൾക്ക് കൃപ ലഭിച്ചു എന്റെ പേര് എഡിസൺ ജി വർഗീസ് ഭാര്യ ക്രിസ്റ്റീന എഡിസൺ ഞങ്ങൾക്ക് രണ്ടു പെൺമക്കൾ രണ്ടുപേരും വിവാഹിതർ മൂത്തയാൾ ഡയാന ക്രിസ്റ്റി എഡിസൺ കുടുംബമായി നെതർലാൻഡിൽ താമസം ഭർത്താവ് മക്കൾ അബിഗായിൽ രണ്ടാമത്തെ മകൾ ഡോക്ടർ എഡിസൺ ഭർത്താവ് ഡോക്ടർ ടോണി. കുടുംബമായി പൂനായിൽ താമസം ഞാൻ 22 വർഷം മീഡിയയിൽ ജോലിക്ക് ശേഷം ഇപ്പോൾ ജയം കമ്മ്യൂണിക്കേഷൻ എന്ന ഐ എൻ എസ് അക്കാദമി അഡ്വെർടൈസിങ് ഏജൻസി നടത്തുന്നു ഭാര്യ ക്രിസ്റ്റീന 17 കൊല്ലം കെമിസ്റ്ററായി ജോലി ചെയ്ത ശേഷം 2000 മുതൽ സുവിശേഷ പ്രവർത്തനത്തിന് വേണ്ടി ജോലി അവസാനിപ്പിച്ചു. ഇപ്പോൾ ഞങ്ങൾ രണ്ടുപേരും സുവിശേഷ പ്രവർത്തനങ്ങളുമായി മുന്നോട്ടു നീങ്ങുന്നു.

മലങ്കര സുവിശേഷസംഘം ത്രിപുര മിഷനിലേക്ക് ആദ്യമായി മിഷൻ പ്രവർത്തനം നടത്തുവാൻ തീരുമാനിച്ചപ്പോൾ റവ. സിസ്റ്റർ മേരി പ്രസാദ് ഞങ്ങൾ പോകുവാൻ ആവശ്യപ്പെടുകയുണ്ടായി. ഞങ്ങൾ ഒരു വിസമ്മതവും കൂടാതെ സമ്മതിച്ചു എങ്കിലും പിന്നീട് നിരവധി പ്രതിബന്ധങ്ങൾ ഉണ്ടായപ്പോൾ സിസ്റ്ററിന്റെ പ്രചോദനവും പ്രാർത്ഥനയും അഭിവന്ദ്യ സിൽവാനോസ് പിതാവിന്റെയും, ബഹുമാനപ്പെട്ട ബെനഡിക്ട് അച്ചന്റെ പ്രാർത്ഥനയും ഞങ്ങൾക്ക് ബലം നൽകി.

2025 ഏപ്രിൽ മാസം ഒന്നാം തീയതി ആറ് പേരടങ്ങുന്ന ഞങ്ങളുടെ ത്രിപുര മിഷൻ ടീം ഏകദേശം രണ്ട് മണിയോടെ അഗർതല എയർപോർട്ടിൽ ഇറങ്ങി പിറ്റേന്ന് രാവിലെ ഞങ്ങൾ അവിടെനിന്ന് ബഹുമാനപ്പെട്ട അഗസ്റ്റിൻ ഒ.ഐ.സി. അച്ചന്റെ നേതൃത്വത്തിൽ 2 വാഹനങ്ങളിലായി ത്രിപുര മിഷനിൽ അച്ചൻ താമസിക്കുന്ന സ്ഥലത്ത് എത്തിച്ചേർന്നു.

പ്രാർത്ഥനയ്ക്കും ദിവ്യബലിക്കും ശേഷം ഞങ്ങൾ രണ്ടു പേരടങ്ങുന്ന ടീമായി തിരിഞ്ഞ് ഭവന സന്ദർശനം ആരംഭിച്ചു. ഈ സന്ദർശനങ്ങൾ ഞങ്ങൾക്ക് ഒരു പ്രത്യേക ആവേശം ആയിരുന്നു. ഞങ്ങൾ വചനം പറയുമ്പോഴും അത് പങ്കുവെയ്ക്കുമ്പോഴും അവർക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോഴും എല്ലാം അവരുടെ സുവിശേഷത്തോടുള്ള തീക്ഷ്ണത ഞങ്ങളിൽ വിസ്മയമുളവാക്കി. എല്ലാ പരിമിതമായ സാഹചര്യങ്ങളിലും അവരുടെ പ്രാർത്ഥനയിലും ദിവ്യബലിയിലുള്ള പങ്കാളിത്തവും എടുത്തു പറയേണ്ടതാണ്.

ഞങ്ങൾ കുടുംബമായി പോയതു കൊണ്ട് ഞങ്ങൾക്ക് ഉണ്ടായ വ്യക്തിപരമായ അനുഭവങ്ങൾ നിരവധിയാണ്. അവരുടെ നിരവധിയായ പ്രശ്നങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അവർക്ക് ലഭിച്ച വ്യക്തിപരമായ അനുഭവങ്ങൾ ഞങ്ങളെ കൂടുതൽ തീക്ഷ്ണതയോടെ മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും കുടുംബങ്ങളെ ശക്തിപ്പെടുത്തുവാനും ഞങ്ങൾ പ്രാപ്തരാണെന്ന ബോധ്യം ലഭിച്ചു.

''നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മാർക്കോസ് 16:15) എന്ന വചനത്തിന്റെ പൂർത്തീകരണം മിഷൻ പ്രവർത്തനങ്ങളിലൂടെയാണ് പൂർത്തീകരിക്കുന്നത് എന്ന ശക്തമായ ബോധ്യം ഈ മിഷൻ പ്രവർത്തനത്തിലൂടെ ഞങ്ങൾക്ക് ലഭിച്ചു. ഇനിയും സുവിശേഷം ലഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിനെ അറിയാത്ത വ്യക്തികളിലേക്ക് ക്രിസ്തുവിനെ കൊടുക്കുവാൻ ഞങ്ങൾ ഉപകരണങ്ങൾ ആകണമെന്ന് ശരിയായ ബോധ്യം ഈ മിഷൻ യാത്രയിലൂടെ ഞങ്ങൾക്ക് ലഭിച്ചു. വി. മാമോദിസ എന്ന കൂദാശയിലൂടെ ഓരോ ക്രൈസ്തവനും ലഭിച്ചിരിക്കുന്ന ഉത്തരവാദിത്വം സുവിശേഷത്തിലേക്കുള്ള വിളിയാണ് എന്ന ബോധ്യം ലഭിച്ചു. ഈ യാത്രയിൽ ഞങ്ങളുടെ ശാരീരികമായ അസുഖങ്ങൾ ഒന്നും ഞങ്ങളെ അലട്ടിയിരുന്നില്ല, എന്നുമാത്രമല്ല പല രോഗങ്ങളും സുഖപ്പെടുകയും ചെയ്തു. ഞങ്ങളുടെ രണ്ടു മക്കൾക്കും ദൈവത്തിന്റെ സമ്മാനമായി ഉദരൻ നൽകുവാൻ അടയാളത്തിലൂടെ ദൈവം സ്ഥിരീകരിച്ചതിന് തമ്പുരാന് നന്ദി പറയുകയും ചെയ്യുന്നു. ഭാഷയെ പറ്റി ചെറിയ ആകുലത ഉണ്ടായിരുന്നുവെങ്കിലും മിഷൻ പ്രവർത്തനത്തിന് ഭാഷ ഒരു പ്രതിബന്ധം അല്ലായിരുന്നു എന്ന ശക്തമായ ബോധ്യം ഞങ്ങൾക്ക് ലഭിച്ചു. ദൈവം തന്റെ ദൂതനെ ഞങ്ങൾക്ക് മുമ്പേ അയച്ച് ഞങ്ങളുടെ മിഷൻ പ്രവർത്തനത്തിൽ വഴി നടത്തി. ഇനിയും തുടർന്നും മിഷന് പോകണമെന്നും പോയിട്ടില്ലാത്തവരെ കൂടി മിഷൻ പ്രവർത്തനത്തിലേക്ക് നയിക്കണമെന്നുള്ള ബോധ്യം ലഭിച്ചു. പ്രാർത്ഥനയിൽ കൂടുതൽ ശക്തിപ്പെടുവാൻ സാധിച്ചു. കുടുംബങ്ങളിലേക്ക് കൂടുതൽ ഇറങ്ങിച്ചെന്ന് ആവശ്യങ്ങളിലും പ്രയാസങ്ങളിലും അവരെ ശക്തിപ്പെടുത്തി അവരെ ബലപ്പെടുത്തണം എന്ന ബോധ്യം ലഭിച്ചു.

അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ പരിധിയിൽപ്പെട്ട ത്രിപുര മിഷന്റെ പ്രവർത്തനത്തിന് ഞങ്ങൾ അവിടെയായിരുന്നപ്പോൾ പിതാവ് നൽകിയ പ്രാർത്ഥനയും പ്രചോദനവും എടുത്തുപറയേണ്ടതാണ്. ഞങ്ങളുടെ മടക്കയാത്രയിൽ കൽക്കട്ടായിലെ വിശുദ്ധ മദർ തെരേസയുടെ കബറിടം സന്ദർശിച്ച് പ്രാർത്ഥിച്ചത് വലിയ ദൈവാനുഗ്രഹം ആയിരുന്നു. യാത്രയിൽ ഞങ്ങളെ വഴി നടത്തിയ സർവ്വശക്തനായ ദൈവത്തിന് നന്ദി പറയുന്നതോടൊപ്പം ഇനിയും മിഷൻ യാത്രകൾ ഞങ്ങൾക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



അനുഭവസാക്ഷ്യം



# ഭയമില്ലാതെ വചനം പ്രസംഗിക്കുവാൻ
## Preaching Ministry Training

**ശ്രീമതി. ഷൈല മാത്യൂ**
*തിരുവല്ലാ അതിഭദ്രാസനം 2-ാം ബാച്ച്*

ഭയം കൂടാതെ വചനം പ്രസംഗിക്കുവാൻ സുവിശേഷസംഘാംഗങ്ങളെ ഒരുക്കിയ കോഴ്സായിരുന്നു പ്രീച്ചിംഗ് മിനിസ്ട്രി ട്രയിനിംഗ് പ്രോഗ്രാം. 2024 ഏപ്രിൽ മാസം പത്താം തീയതിയുടെ പ്രീച്ചിംഗ് മിനിസ്ട്രിയുടെ ആദ്യത്തെ ക്ലാസ് സൂം പ്ലാറ്റ്ഫോമിലൂടെ ഓൺലൈനായി ആരംഭിച്ചു. എല്ലാ ബുധനാഴ്ചയും രാത്രി 8:15 മുതൽ 10.15 വരെയായിരുന്നു ക്ലാസുകൾ. കൂടാതെ ഓഫ്‌ലൈൻ ക്ലാസ്സുകൾ, 2024 ഒക്ടോബർ മാസം 11,12,13 തീയതികളിൽ പട്ടം കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. സുവിശേഷ സംഘം കമ്മീഷൻ ചെയർമാനും കൂരിയ ബിഷപ്പുമായിരിക്കുന്ന മോസ്റ്റ് റവ. ആന്റണി മാർ സിൽവാനോസ് എപ്പിസ്കോപ്പയാണ് ക്ലാസുകൾക്ക് നേതൃത്വം നൽകിയത്. ബൈബിൾ അപ്പസ്തൊലേറ്റിനായുള്ള സിനഡൽ കമ്മീഷൻ സെക്രട്ടറി പെരിയ ബഹു. സിറിൾ ആനന്ദ് ഒ.ഐ.സി, സുവിഷേശ സംഘം എക്സിക്യൂട്ടീവ് സെക്രട്ടറി ബഹു. ബനഡിക്ട് മൂഴിക്കര ഒ.ഐ.സി, സുവിഷേശ സംഘം ജോ. സെക്രട്ടറി, ബഹു. സി. മേരി പ്രസാദ് ഡി.എം എന്നിവരും ക്ലാസുകൾ നയിച്ചു. ഈ ട്രയിനിംഗ് പ്രോഗ്രാം 2025 ജൂൺ മാസത്തിൽ അവസാനിക്കുകയും കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു.

എന്റെ വ്യക്തിപരമായ അനുഭവം പങ്കുവയ്ക്കുമ്പോൾ 2015 ഏപ്രിൽ മാസം 29 -ാം തീയതി സുവിശേഷ സംഘാംഗമായി കൈവെപ്പ് ലഭിച്ചു. അന്നുമുതലുള്ള ഒരാഗ്രഹമായിരുന്നു സുവിശേഷം മറ്റുള്ളവരുമായി പങ്കുവയ്ക്കണമെന്ന്. ദീർഘനാളത്തെ പ്രാർത്ഥനയ്ക്ക് ശേഷം ഇന്ന് അത് ദൈവം സാധ്യമാക്കി തന്നു. കർത്താവ് ഒരൊറ്റ കാര്യമാണ് ശിഷ്യന്മാരെ ഏൽപ്പിക്കുന്നത് നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോസ് 16: 15). വചനം യേശുവാണ്. വചനത്തിലൂടെ യേശുവിന്റെ ജീവനാണ് നമുക്ക് ലഭിക്കുന്നത്. സുവിശേഷ സംഘാംഗം എന്ന നിലയിൽ ജീവിക്കുന്നുണ്ടെങ്കിലും പ്രീച്ചിംഗ് മിനിസ്ട്രിയിലൂടെ ദൈവം വലിയ ഒരു ദൗത്യം ഏൽപ്പിച്ചിരിക്കുന്നു എന്ന ബോധ്യമാണ് എന്നെ അനുദിനം നയിക്കുന്നത്. 19 സുവിശേഷ പ്രസംഗങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുവാൻ സാധിച്ചു. അന്നുവരെ ഒരു സുവിശേഷ പ്രസംഗം എങ്ങനെ ഒരുങ്ങി അവതരിപ്പിക്കണമെന്ന് അറിയില്ലായിരുന്നു. എന്നാൽ പ്രീച്ചിംഗ് മിനിസ്ട്രിയിലൂടെ ലഭിച്ച അറിവുകൾ വളരെ വലുതായിരുന്നു.

പ്രസംഗത്തിന്റെ ഒരു സ്ട്രക്ചർ എങ്ങനെയായിരിക്കണമെന്നും, ബോഡി ലാംഗ്വേജ്, പ്രസംഗത്തിന്റെ സൗണ്ട് മോഡുലേഷൻ, പ്രസംഗ ശൈലി, ഇവയെല്ലാം പഠിക്കാൻ സാധിച്ചു. കൂടാതെ ഒരു സുവിശേഷ പ്രസംഗം എങ്ങനെ വിലയിരുത്താം എന്നും പഠിക്കുകയുണ്ടായി. ഓരോ പ്രസംഗവും തയ്യാറാക്കുമ്പോൾ നിരവധി പ്രസംഗങ്ങളും, പുസ്തകങ്ങളും, വിശുദ്ധ ഗ്രന്ഥവും എല്ലാം അവലംബിച്ചിരുന്നു. ഈ പ്രീച്ചിങ് മിനിസ്ട്രിയിലൂടെ പരിശീലനം ലഭിച്ചതിനാൽ എനിക്ക് ഒരു സമൂഹത്തിന്റെ മുമ്പിൽ ഭയമില്ലാതെ ആത്മവിശ്വാസത്തോടെ സുവിശേഷ പ്രഘോഷണം നടത്താൻ കഴിയുന്നു. കുടുംബ കൂട്ടായ്മ യോഗങ്ങളിലും സൺഡേ സ്കൂളിലും എല്ലാം വചനം പ്രഘോഷിക്കാൻ സാധിക്കുന്നു. ഒരു വചനഭാഗം വായിക്കുമ്പോൾ അതിന്റെ ദൈവികമായ അർത്ഥവും വ്യാഖ്യാനവും മനസ്സിലാക്കുവാൻ സാധിക്കുന്നു. ഈ മിനിസ്ട്രിയിലൂടെ എനിക്ക് കൂടുതൽ കൂടുതൽ ആത്മീയതയിൽ വളരാനും എന്റെ ചിന്തയിലും പ്രവർത്തിയിലും പെരുമാറ്റത്തിലും എല്ലാം ദൈവീകമായ ഒരു സ്പർശനം അനുഭവിക്കാനും സാധിക്കുന്നു. ദൈവവചനത്തിന്റെ പഠനവും വായനയും എല്ലാം അനുഗ്രഹപ്രദമായിരുന്നു . തീർച്ചയായും ഈ പ്രീച്ചിങ് മിനിസ്ട്രി ട്രയിനിംഗിലൂടെ, ശതാബ്ദിയിലേക്ക് എത്തുന്ന മലങ്കര സഭയ്ക്ക് ഒരു പുത്തൻ ഉണർവ് ഉണ്ടാകും എന്നതിൽ സംശയമില്ല. സഭാമക്കളെ പരിവർത്തനത്തിലേക്കും, വിജയത്തിലേക്കും, പ്രതീക്ഷയിലേക്കും, സൗഖ്യത്തിലേക്കും നയിക്കുന്നവ ആയിരിക്കുകയും ചെയ്യും. നിയമാവർത്തനം 28:1 ദൈവമായ കർത്താവിന്റെ വാക്കു കേട്ട് ഇന്നു ഞാൻ നിനക്ക് നൽകുന്ന കൽപ്പനകളെല്ലാം സൂക്ഷ്മമായി പാലിക്കുമെങ്കിൽ അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളെയും കാൾ ഉന്നതനാക്കും. കാനാൻ നാട്ടിലേക്ക് യാത്ര ചെയ്ത ഇസ്രായേൽ മക്കളോട് ദൈവം മോശയിലൂടെ അരുളി ചെയ്ത വാക്കുകളാണ് ഇവ. നമ്മോടും ദൈവം ഈ പ്രീച്ചിങ് മിനിസ്ട്രിയിലൂടെ ഇതുതന്നെയാണ് അരുളി ചെയ്യുന്നത്. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

അനുഭവസാക്ഷ്യം



# തേൻകനികോട്ടൈ മിഷൻ

**ഉഷ രാജൻ & അപർണ യു. ആർ.**
*സഭാതലം 3-ാം ബാച്ച്*



പൂന-ഘട്കി രൂപതയിലെ മിഷൻ പ്രദേശം കർണാടകയോട് ചേർന്നുനിൽക്കുന്ന തമിഴ്നാട്ടിലെ അതിമനോഹരമായ ഒരു ഗ്രാമപ്രദേശം. തേൻകനിക്കൊട്ടൈ വിശുദ്ധ ദൈവ മാതാവിന്റെ മധ്യസ്ഥതയിൽ മുന്നേറുന്ന മിഷൻ. റവ. ഫാ. ജോസ് ബെന്നറ്റിന്റെയും, റവ. ഫാ. ക്രിസ്തുദാസിന്റെയും നേതൃത്വത്തിലുള്ള മിഷൻ പ്രവർത്തനത്തിന് 2025 ജനുവരി 26 മുതൽ ഏപ്രിൽ 7 വരെ സുവിശേഷ സംഘങ്ങളായ ഞങ്ങളും പങ്കുചേർന്നു.

ഈ മിഷൻ പ്രദേശത്ത് നിലവിൽ മൂന്ന് ദൈവാലയങ്ങൾ ആണുള്ളത്. തേൻകനിക്കോട്ടൈ മാതാ സീറോ മലങ്കര കാത്തലിക് ചർച്ച്, ഇൻഫന്റ് ജീസസ് സീറോ മലങ്കര കാത്തലിക് ചർച്ച്, ഹോസുർ, സെന്റ് ജോൺസ് സീറോ മലങ്കര കാത്തലിക് ചർച്ച്, ഉള്ളുകുറുക്കയ്, തേൻകനിക്കോട്ടൈ ദൈവാലയത്തിൽ മലങ്കര സഭയിൽ അംഗമായി മാമോദിസ സ്വീകരിച്ച ഒരു കുടുംബമാണ് ഉള്ളത്. അവരുടെ സജീവമായിട്ടുള്ള പങ്കാളിത്തത്തോടൊപ്പം മറ്റനേകം കുടുംബങ്ങളുടെയും വ്യക്തികളുടെയും സാന്നിധ്യം ദൈവാലയത്തിലെ ആരാധനകളിൽ ഉണ്ടെന്നുള്ളത് വരും കാലങ്ങളിലെ ഈ പ്രദേശത്തിലെ മലങ്കര സഭയുടെ വളർച്ച മുൻകൂട്ടി കാണിക്കുന്നു.

ഇൻഫന്റ് ജീസസ് സീറോ മലങ്കര കാത്തലിക് ചർച്ച് ഹോസുരിൽ സജീവമായ ഇടവകാംഗങ്ങളുടെ സാന്നിധ്യം വളരെ അനുഗ്രഹമാണ്. വാടക കെട്ടിടത്തിലെ ഒരു കുഞ്ഞു ദൈവാലയത്തിൽ നിറഞ്ഞുനിൽക്കുന്ന വിശ്വാസി സമൂഹം മലങ്കര മക്കളുടെ സഭാസ്നേഹം വിളിച്ചോതുന്നു. ഏത് നാട്ടിൽ ചെന്നാലും സഭയോട് ചേർന്ന് നിൽക്കുന്ന സ്നേഹം. ഒരോ കുടുംബത്തിന്റെയും അതോടൊപ്പം ചേർന്ന് നിൽക്കുന്ന കുറച്ച് അമ്മമാരും ആണ് ഉള്ളുകുറുക്കയ് സെന്റ് ജോൺസ് ഇടവകയിലെ അംഗങ്ങൾ. ആ കുടുംബത്തിന്റെ ഭവനത്തിലെ രണ്ടാം നിലയാണ് ദൈവാലയം. പരിമിതമായ സാഹചര്യത്തിലും ദൈവത്തെ ആരാധിക്കുവാനും വിശ്വാസ പരിശീലനത്തിനും അവർ കടന്നുവരുന്നത് ദൈവത്തിന്റെ സ്നേഹം അവർ അനുഭവിച്ചത് കൊണ്ടല്ലാതെ മറ്റെന്താണ്? ഈ മൂന്ന് ദൈവാലയങ്ങളും മാർ ഈവാനിയോസ് പിതാവ് സ്വപ്നം കണ്ട മലങ്കര സഭയുടെ വളർച്ചയെ ചൂണ്ടിക്കാണിക്കുന്നു. ഇവ കൂടാതെ മറ്റു രണ്ട് ഗ്രാമങ്ങളിൽ പുതിയ ദൈവാലയങ്ങൾക്കായി ഭൂമി നൽകുവാൻ ചില സുമനസ്സുകൾ തയ്യാറായിട്ടുണ്ടെങ്കിലും അതിന്റെ പൂർത്തീകരണം, വെല്ലുവിളികൾ നിറഞ്ഞതാണ്. എന്നാൽ ദൈവ കൃപയാൽ പൂർത്തീകരിക്കപ്പെടാനുള്ള പ്രാർത്ഥനകളും പ്രവർത്തനങ്ങളും സജീവമാണ്.

ഈ മിഷൻ പ്രദേശത്ത് 20 ഗ്രാമങ്ങൾ ഉണ്ട്. കാമഗിരി, സെപ്റ്റിക് നഗർ, കൊച്ചുവാടി, കൊടകര, ഗൗഡന്നൂർ, തീപള്ളിയൂർ, മഞ്ഞുമല, ശിവലിംഗപുരം, ഇരുളാർ, പട്ടേൽറ്റി, വിരുപ്പാച്ചിപുരം, ഇരുളാർ, കാളനി ധടിക്കൽ, ഏഴുകുണ്ടൂർ, ജാർഖലട്ടി, ഉത്തരപള്ളി, ബീർജെ പള്ളി, മരക്കട്ട സാപ്രാണ പള്ളി എന്നിവയാണ്. ഈ ഗ്രാമങ്ങൾ ഓരോന്നും ഗ്രാമങ്ങളും കോട്ടയിൽ നിന്നും 30 മുതൽ 50 കിലോമീറ്റർ വരെ ദൂരത്തിലാണ്. ഓരോ ഗ്രാമങ്ങൾക്കും വ്യത്യസ്തമായ സംസ്കാരങ്ങളാണുള്ളത്. അവരുടെ ഭാഷാ തമിഴ്. അതോടൊപ്പം തമിഴ്, കന്നട, തെലുങ്ക്, ഇടകലർന്ന ഭാഷയും ഉപയോഗിക്കുന്നു. ഈ 20 ഗ്രാമങ്ങളിൽ 13 ഗ്രാമങ്ങൾ ഞങ്ങൾ സന്ദർശിച്ചു.

ഈ ഗ്രാമങ്ങളിൽ മികച്ച റോഡ്, യാത്ര സൗകര്യമുണ്ടെങ്കിലും പൊതു ഗതാഗത മാർഗം പല ഗ്രാമങ്ങളിലും വളരെ ബുദ്ധിമുട്ടാണ്. ഗ്രാമങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ മാത്രമേ ഇവിടെയുള്ളൂ. പത്താം ക്ലാസിനുശേഷം പഠനത്തിനായി കിലോമീറ്ററുകൾ യാത്ര ചെയ്യണം. അതുകൊണ്ട് തുടർപഠനം സാധ്യമാകുന്നില്ല. എന്നാൽ ഇപ്പോൾ മിഷനറിമാരുടെ സ്വാധീനത്താൽ തുടർ പഠനത്തിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നു.

ചെറിയ ചെറിയ വീടുകളിലാണ് അവർ താമസിക്കുന്നത്. കുടിൽ കെട്ടി താമസിക്കുന്നവരും ഉണ്ട്. അവരുടെ ഭക്ഷണ രീതികൾ വ്യത്യസ്തമാണ് എങ്കിലും മിഷൻ സന്ദർശനത്തിന് ചെല്ലുമ്പോൾ അവർക്ക് നൽകുന്ന ഭക്ഷണം അവർ ഓടി വന്ന് സ്വീകരിക്കുമ്പോൾ, അവർ നേരിടുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും വളരെ വ്യക്തമാണ്.

ഓരോ ഗ്രാമത്തിലും ഉള്ളവർ വൈദികരെയും സിസ്റ്റേഴ്സിനെയും ഞങ്ങളെയും സ്വീകരിക്കുന്നത് ദൈവനാമത്തിൽ കടന്നു വരുന്നവരായിട്ടാണ്. ഈശോയാണ് 'കടവുൾ', 'ഈശോ അപ്പാ' എന്നൊക്കെ പറയുന്ന തരത്തിലുള്ള ഒരു വലിയ മാറ്റം കഴിഞ്ഞ വർഷങ്ങളിലുള്ള മിഷൻ പ്രവർത്തനത്തിലൂടെ സാധിച്ചു എന്നത് സന്തോഷം പകരുന്ന കാര്യം തന്നെയാണ്. തങ്ങൾക്ക് ലഭിക്കുന്നതെല്ലാം പരസ്പരം പങ്കുവയ്ക്കുന്ന ഒരു മഹത്വം അവരുടെ ഇടയിൽ കാണാൻ സാധിച്ചു. അതുപോലെ ഞങ്ങളെയും അവർ വലിയ സന്തോഷത്തോടെയാണ് സ്വാഗതം ചെയ്തത് ഞങ്ങൾ സന്ദർശിച്ചവർ, ഞങ്ങൾക്ക് ഒരു ഗ്ലാസ് വെള്ളമെങ്കിലും നൽകാതെ വിട്ടിട്ടില്ല.

''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ. 16:15) ഉത്ഥിതനായ ക്രിസ്തു ഭരമേൽപ്പിച്ച ഈ മിഷൻ ദൗത്യത്തിൽ പങ്കുചേരാൻ മലങ്കര സഭയിലൂടെ ദൈവം ഞങ്ങളെ തെരഞ്ഞെടുത്തത് ഭാഗ്യമായി, അനുഗ്രഹമായി കരുതുന്നു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടതാണ് ഈ മിഷൻ യാത്ര എന്നതിന് ഉത്തമ ഉദാഹരണമാണ് തിരുവനന്തപുരത്തുനിന്നും ആരംഭിച്ച ട്രെയിൻ യാത്രയിൽ ദൈവത്തിന്റെ മഹത്തായ പദ്ധതി അനുഭവിക്കാൻ സാധിച്ചത്. ഞങ്ങളെ തിരഞ്ഞെടുത്തു വഴി നടത്തിയ ദൈവത്തിന് ഒരായിരം നന്ദി.

( ...... 3-ാം പേജിൽ നിന്നും തുടർച്ച)

സമർപ്പിച്ചത്. സാമൂഹ്യ ജീവിതത്തിലുടലെടുക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ അദ്ദേഹം സാർവ്വാത്മനാ പരിശ്രമിച്ചിരുന്നു. മലങ്കരയിലെ യുവജനങ്ങൾക്ക് നല്ല വിദ്യാഭ്യാസം നൽകി സമുദായത്തെ സമുദ്ധരിക്കുവാൻ അദ്ദേഹം പരിശ്രമിച്ചു. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തപ്പെട്ട ദളിത് സമൂഹത്തിന് അത്താണിയും ആലംബവുമായിരുന്നു മാർ ഈവാനിയോസ് തിരുമേനി. പരുമലയിലെ ചേരികളിൽ കുടിൽകെട്ടി താമസിച്ചിരുന്ന ദരിദ്രരായ പുലയ സമൂഹത്തിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാല പ്രവർത്തനം. സെറാമ്പൂരിലായിരുന്ന സമയത്തും ബംഗാളിലെ ചേരികളിലേക്കിറങ്ങിച്ചെന്ന് സമൂഹം അധകൃതർ എന്നു കരുതിയവർക്കൊപ്പം പ്രവർത്തിക്കാനും തന്റെ ശമ്പളത്തിന്റെ ഒരു ഭാഗം അവർക്കായി മാറ്റിവയ്ക്കാനും പിതാവ് ശ്രദ്ധിച്ചിരുന്നു. മുണ്ടൻമലയിലെ ആശ്രമ ജീവിതത്തിന്റെ ചട്ടക്കൂട്ടിലായിരുന്നപ്പോഴും സമീപ പ്രദേശങ്ങളിലെ ആദിവാസി കുട്ടികളെ അദ്ദേഹം ദത്തെടുത്ത് പഠിപ്പിക്കുകയും അവരെ പരിപാലിക്കുകയും ചെയ്തുപോന്നു. ദൈവം കനിഞ്ഞു നൽകിയ ഈ ലോകജീവിതത്തിന്റെ അവസാനംവരെയും പാവങ്ങൾക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും വേണ്ടി അദ്ദേഹം തന്റെ ജീവിതം സമർപ്പിച്ചു. ഫ്രാൻസിസ് പാപ്പാ ഊന്നിപ്പറഞ്ഞ 'അരികുകളിലെ സഭ' എന്ന് ഓർക്കാനും വർഷങ്ങൾക്കു മുമ്പേ തന്റെ സഭയിൽ പ്രായോഗികമാക്കാൻ തുനിഞ്ഞിറങ്ങിയ വ്യക്തിയാണ് ധന്യൻ മാർ ഈവാനിയോസ് പിതാവ്.

**ശതാബ്ദിയുടെ നിറവിൽ തിരിഞ്ഞു നോക്കുമ്പോൾ**

മലങ്കര സഭയെ മാതൃസഭയുമായി രമ്യപ്പെടുത്തി പുനരൈക്യത്തിന്റെ മാർഗ്ഗം തെളിച്ച മാർ ഈവാനിയോസ് പിതാവ് ക്രിസ്തുവിന്റെ ദൗത്യത്തിൽ പങ്കുചേരുകയായിരുന്നു. നല്ലിടയനായ യേശു സത്യസഭയിൽ നിന്ന് വേർപെട്ടുപോയവരെ തിരികെ കൊണ്ടുവരാൻ അദ്ദേഹത്തെ തെരഞ്ഞെടുത്ത് നിയോഗിച്ചു. ഭിന്നിപ്പിക്കുന്ന കടലിടുക്കിൻമേൽ ഒന്നിപ്പിന്റെ പാലം പണിത അദ്ദേഹം ഒരു പുതിയ റീത്തും പുതിയ വ്യക്തിഗത സഭയും ആകമാന കത്തോലിക്കാ സഭയിൽ ലഭ്യമാക്കി എന്നത് ഒരു അസാധാരണ നേട്ടമാണ്. കരുത്തനും ധീരനും ആയ ആ കർമ്മയോഗി ക്രൈസ്തവ വിശ്വാസത്തേയും ഭാരത സംസ്കാരത്തേയും സമന്വയിപ്പിച്ച് മഹാചാര്യനായി നിലകൊള്ളുന്നു. പുണ്യവഴികളിലൂടെ ത്യാഗപൂർവ്വം ചരിച്ച് ലോകമെങ്ങും സുകൃതപരിമളം പരത്തി, അനേകായിരങ്ങളുടെ ഹൃദയത്തിൽ മായാത്ത ഓർമ്മകൾ നിക്ഷേപിച്ച് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ മാർ ഈവാനിയോസ് എന്ന മഹാരഥന്റെ ത്രസിപ്പിക്കുന്ന ഓർമ്മകൾക്കുമുമ്പിൽ നമുക്ക് ആദരാഞ്ജലികളർപ്പിക്കാം, നമ്രശിരസ്ക്കരാകാം.

www.malankaralibrary.com



( ...... 4-ാം പേജിൽ നിന്നും തുടർച്ച)

കുടിയേറ്റക്കാർക്ക്, പ്രത്യാശ നൽകുന്നതിനും സഭ വിളിക്കപ്പെട്ടിരിക്കുന്നു. തൊഴിൽ, വിദ്യാഭ്യാസം, അജപാലനപരമായ കൈത്താങ്ങ് എന്നിവ തങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ അവരെ സഹായിക്കുന്നതിന് അത്യന്താപേക്ഷിതമാണ് (നം. 13).

വാർദ്ധക്യത്തിലെത്തിയവർക്കും മുത്തശ്ശീമുത്തശ്ശൻമാർക്കും വിജ്ഞാനത്തിന്റെയും പ്രത്യാശയുടെയും വാഹകരെന്ന നിലയിലുള്ള അവരുടെ പങ്കിനെ അംഗീകരിച്ചുകൊണ്ട് നൽകേണ്ടുന്ന നവമായ ബഹുമാനത്തിനായും ഫ്രാൻസിസ് മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നു (നം. 14). അവസാനമായി, ജൂബിലിയുടെ പശ്ചാത്തലത്തിൽ തങ്ങളുടെ വിഭവങ്ങൾ പങ്കുവയ്ക്കുവാനും ദരിദ്ര രാഷ്ട്രങ്ങളുടെ വീട്ടാൻ സാധിക്കാത്ത കടങ്ങൾ ഇളച്ചുകൊടുക്കാനും സമ്പന്നരാഷ്ട്രങ്ങളോട് മാർപ്പാപ്പ ആവശ്യപ്പെടുന്നു (നം. 15). ഐക്യദാർഢ്യത്തിനുവേണ്ടിയുള്ള ഈ ആഹ്വാനം ഭൂമിയുടെ ഫലങ്ങൾ എല്ലാവർക്കുമായുള്ളതാണ് എന്ന ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനപരമായ പ്രബോധനത്തെയാണ് പ്രതിഫലിപ്പിക്കുന്നത് (നം. 16). ഇതാകട്ടെ ഇന്നും ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും നിലനിൽക്കുന്ന ദാരിദ്ര്യമെന്ന അനീതിയ്ക്കുനേരെയുള്ള നേരിട്ടുള്ള ഒരു വെല്ലുവിളികൂടിയാണ്.

ഈ സാഹചര്യങ്ങളിലെല്ലാം തന്നെ മാർപ്പാപ്പയുടെ ആഹ്വാനം വ്യക്തമാണ്: പ്രത്യാശ അമൂർത്തമായ ഒന്നായി നിലകൊള്ളാൻ പാടില്ല. മറിച്ച് കാരുണ്യത്തിന്റെയും നീതിയുടെയും മൂർത്തമായ പ്രവൃത്തികളിലൂടെ ജീവിക്കപ്പെടണം. വ്യത്യസ്തമായ ഈ പശ്ചാത്തലങ്ങളിൽ സഭ പ്രത്യാശയ്ക്ക് സാക്ഷ്യം വഹിക്കുമ്പോൾ ക്രിസ്തുവിൽ അടിയുറച്ചിരിക്കുന്ന പ്രത്യാശയ്ക്ക്, ജീവിതങ്ങളെയും സമൂഹങ്ങളെയും രാഷ്ട്രങ്ങളെയും പരിവർത്തനപ്പെടുത്താനാവുമെന്ന ശക്തമായ സാക്ഷ്യപ്പെടുത്തൽ കൂടിയാണത് ലോകത്തിനു നൽകുന്നത്.

**3. നവീകരണത്തിനുവേണ്ടിയുള്ള ആഹ്വാനത്തോടുള്ള പ്രത്യുത്തരം**

"Spes Non Confundit'- നൽകുന്ന ദർശനങ്ങളിൽ പണിതുയർത്തപ്പെട്ടുകൊണ്ട്, ജൂബിലിയുടെ പ്രത്യാശാപൂർണമായ ആഹ്വാനത്തിൽ നിന്ന്, കരുണയുടെയും നവീകരണത്തിന്റെയും പിൻപറ്റലിൽ സഭ നേരിടേണ്ടുന്ന പരീക്ഷണങ്ങളിലേക്കും പ്രായോഗികമായ വെല്ലുവിളികളിലേക്കും ഈ ഭാഗം ശ്രദ്ധതിരിക്കുന്നു. സഭയുടെ ദൗത്യത്തിനും ലോകത്തിൽ പ്രത്യാശയുടെ അടയാളമായിരിക്കാനുള്ള അവളുടെ കഴിവിനും ഭീഷണിയായിരിക്കുന്ന യാഥാർത്ഥ്യങ്ങളെ പരിശോധിക്കാൻ പ്രത്യാശയുടെ ഈ ജൂബിലിവർഷം നമ്മെ വിളിക്കുന്നു.

കേരളത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന താഴെപ്പറയുന്ന പ്രശ്നങ്ങളാണ് ഈ ജൂബിലിയുടെ ചൈതന്യത്തിൽ, പ്രത്യാശയ്ക്ക് സഭ ധൈര്യപൂർവ്വം സാക്ഷ്യം വഹിക്കേണ്ടിയിരിക്കുന്ന ഇടങ്ങൾ:

**a. നിത്യജീവനെ സംബന്ധിച്ച പഠനങ്ങളെ അവഗണിക്കുന്നത്**

ഇവിടെ ഭൂമിയിൽ മാത്രമുള്ള, നീതി, സമാധാനം, ഐക്യം എന്നിവയിൽ അടിസ്ഥാനമിട്ട ഒരു സാമ്രാജ്യം സൃഷ്ടിക്കുന്നതിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കുന്നതിനും നിത്യജീവനെക്കുറിച്ചുള്ള സഭയുടെ പ്രബോധനത്തെ അവഗണിക്കുന്നതിനുമുള്ള ഒരു പ്രലോഭനമുണ്ട്.

സഭ നീതിക്കും സമാധാനത്തിനും വേണ്ടിയുള്ള തന്റെ ദൗത്യത്തെയും നിത്യജീവനെക്കുറിച്ചുള്ള യുഗാന്തോന്മുഖമായ പ്രത്യാശയെയും സന്തുലിതാവസ്ഥയിൽ കൊണ്ടുപോകണം. സ്വർഗീയമായ രാജ്യത്തിന്റെ മുന്നാസ്വാദനമാണ് ഭൂമിയിലെ നമ്മുടെ പരിശ്രമങ്ങളെന്ന് ഓർമിക്കുവാൻ ഈ ജൂബിലി നമ്മെ പ്രോത്സാഹിപ്പിക്കുന്നു. ലോകത്തിന് പ്രത്യാശയുടെ ദൃശ്യമായ അടയാളമായിത്തീരുവാൻ പരിശ്രമിക്കുന്നതോടൊപ്പംതന്നെ ക്രിസ്തുവിനെ, പ്രത്യാശയുടെ യഥാർത്ഥവും നീണ്ടുനിൽക്കുന്നതുമായ ഉറവിടമായി അവതരിപ്പിക്കാൻ സഭ വിളിക്കപ്പെട്ടിരിക്കുന്നു.

**b. ഒരു സത്യാനന്തര ലോകത്തിൽ യുവാക്കളുടെ ചോദ്യങ്ങളോട് പ്രത്യുത്തരിക്കുന്നു**

ഇന്നത്തെ യുവാക്കൾ അനേകം വെല്ലുവിളികൾ നേരിടുന്നുണ്ട്, അവയിൽ പലതും അവരുടെ ജീവിതലക്ഷ്യത്തിനും പ്രത്യാശയെക്കുറിച്ചുള്ള ധാരണയ്ക്കും ഭീഷണിയുയർത്തുന്നു. സത്യാനന്തര സംസ്കാരത്താൽ നിയന്ത്രിക്കപ്പെടുന്ന ഇന്നത്തെ കാലഘട്ടത്തിൽ, വൈകാരികതയും വ്യക്തിപരമായ ധാരണകളും യാഥാർത്ഥ്യങ്ങളെ മറച്ചുപിടിക്കുന്ന തെറ്റായ അറിവുകളുടെ മുമ്പിൽ യുവജനങ്ങൾ പലപ്പോഴും പകച്ചുപോകുന്നു. ഇത് ഇന്റർനെറ്റിന്റെ അമിതമായ സ്വാധീനം, മയക്കുമരുന്ന് ഉപയോഗം, ലക്ഷ്യബോധമില്ലായ്മ എന്നിവയോടു ചേർന്നു സങ്കീർണമായിത്തീർന്നിരിക്കുന്നു. ഇവയ്ക്കെല്ലാം യുവാക്കളെ സ്വയം നഷ്ടപ്പെട്ടതായി തോന്നുന്ന അവസ്ഥയിൽ, ഇച്ഛാഭംഗത്തിൽ ആക്കിത്തീർക്കാൻ സാധിക്കും. ഇനിയും പ്രത്യാശ മാത്രമേ നഷ്ടപ്പെടാൻ ബാക്കിയുള്ളൂ. കത്തോലിക്കാ യുവാക്കളുടെയിടയിലെ വർധിച്ചുവരുന്ന ആത്മഹത്യകൾ ഈ പ്രശ്നങ്ങളെ സമയബന്ധിതമായും കരുതലോടുകൂടിയും പരിഹരിക്കേണ്ടതിന്റെ പ്രാധാന്യത്തെയാണ് സൂചിപ്പിക്കുന്നത്.

പ്രത്യാശയുടെ ഈ ജൂബിലിവർഷത്തിൽ പ്രത്യാശയുടെ ഏകവും യഥാർത്ഥവുമായ ഉറവിടത്തെ- ക്രിസ്തുവിനെ- യുവാക്കൾക്ക് നൽകുന്നതിൽ കത്തോലിക്കാസഭയ്ക്ക് സുപ്രധാനമായൊരു പങ്കുവഹിക്കാനുണ്ട്. യുവാക്കളുടെ സംശയങ്ങളെ സഹാനുഭൂതിയോടെയും സൗമ്യമായും സത്യസന്ധമായും പരിഗണിച്ചുകൊണ്ട് അവരുടെ ചോദ്യങ്ങളിലും ബുദ്ധിമുട്ടുകളിലും സഭ സജീവമായി ഇടപെടേണ്ടതുണ്ട് (1 പത്രോ. 3: 15). വ്യക്തവും സത്യസന്ധവുമായ ഉത്തരങ്ങൾ വിശ്വാസസംരക്ഷണരീതികൾ, വഴി നൽകിക്കൊണ്ടും സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന അപകടകരമായ വിവരണങ്ങളെ നേരിട്ടുകൊണ്ടും തങ്ങളുടെ വിശ്വാസത്തെ വീണ്ടും കണ്ടെത്തുന്നതിലേക്കും സത്യം തന്നെയായ ക്രിസ്തുവിൽ അർത്ഥം കണ്ടെത്തുന്നതിലേക്കും യുവജനങ്ങളെ നയിക്കാൻ സഭയ്ക്ക് സാധിക്കും. ലോകത്തിന്റെ വഞ്ചനയ്ക്കും ശ്രദ്ധതിരിക്കലുകൾക്കുമപ്പുറത്തേക്ക് കടന്നുചെന്ന് പ്രത്യാശ കണ്ടെത്തുന്നതിന് നമ്മുടെ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള അനന്യമായ ഒരു അവസരമാണ് ഈ ജൂബിലി.

**c. വളർന്നുകൊണ്ടിരിക്കുന്ന അക്ഷമ**

ഉടനടിയുള്ള സംതൃപ്തിക്കുവേണ്ടിയുള്ള നിർബന്ധപൂർവ്വമായ ആവശ്യകതകൊണ്ട് അടയാളപ്പെടുത്തപ്പെട്ടതും ജീവിതത്തിന്റെ ഈ ''ഭ്രാന്തമായ തിടുക്കം'' വളർന്നുവരുന്ന അക്ഷമയിലേക്ക് നയിക്കുന്നതുമായ ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് (നം. 4). 'ഇപ്പോൾത്തന്നെ' എന്നതിന്റെ തത്വത്തിൽ പ്രവർത്തിക്കുന്ന ഒരു ലോകത്തിൽ മനുഷ്യർ കാത്തിരിക്കാനും സ്ഥിരോത്സാഹം കാട്ടാനും ദൈവത്തിന്റെ സമയക്രമത്തിൽ വിശ്വസിക്കാനും ക്ലേശിക്കേണ്ടിവരുന്നു.

"Spes Non Confundit' -ൽ ഈ വെല്ലുവിളിക്ക് മറുമരുന്നായി സ്ഥിരോത്സാഹത്തെയും ക്ഷമയെയും മുന്നോട്ടുവയ്ക്കുകയാണ് ഫ്രാൻസിസ് മാർപ്പാപ്പ. ബൂളയിൽ പറഞ്ഞിരിക്കുന്നതുപോലെ, ''നമ്മെ പരീക്ഷണങ്ങളുടെ ഇടയിലും സ്ഥിരോത്സാഹമുള്ള വരാക്കി മാറ്റുകയും'' ''ജീവിതത്തിൽ മുന്നോട്ടു നീങ്ങാൻ നമ്മെ പ്രാപ്തരാക്കുകയും'' ചെയ്യുന്ന പുണ്യമാണ് പ്രത്യാശ (നം. 3). ഇത് വിശ്വാസത്തിൽ അധിഷ്ഠിതവും സ്നേഹത്താൽ പോഷിതവുമാണ്. ജീവിതത്തിലെ വെല്ലുവിളികളും ബുദ്ധിമുട്ടുകളും പ്രത്യാശയെ കെടുത്തിക്കളയുന്നതിനേക്കാൾ അതിന്റെ ആഴപ്പെടലിനുള്ള അവസരങ്ങളൊരുക്കുകയാണ് ചെയ്യുന്നത്. പ്രത്യാശയോട് വളരെ ചേർന്നുനിൽക്കുന്ന ക്ഷമ, ഒരേസമയം പ്രത്യാശയെ നിലനിർത്തുന്ന പുണ്യവും പ്രത്യാശയുടെ തന്നെ ഫലവുമാണ്. ബൂളയിൽ വളരെ മനോഹരമായി പ്രസ്താവിച്ചിരിക്കുന്നതുപോലെ, ക്ഷമയെന്നത് ''ഒരേസമയം പ്രത്യാശയുടെ പുത്രിയും അതിന്റെ ഉറച്ച അടിസ്ഥാനവുമാണ്'' (നം. 4).

**d. സഭാത്മകമായ അന്തർമുഖത്വം: സുഖപ്രദമായ ഇടങ്ങളിലേക്കുള്ള പിന്മാറ്റം**

സഭ നേരിടുന്ന അതിപ്രധാനമായ ഒരു വെല്ലുവിളിയെന്നത് അതിന്റെ ശിഷ്യത്വത്തിന്റെ പ്രവാചകദൗത്യവും സുവിശേഷപ്രഘോഷണത്തിനുള്ള കല്പനയും അവഗണിച്ചുകൊണ്ട് സുഖപ്രദമായ ഇടങ്ങളിലേക്കുള്ള പിന്മാറ്റമാണ്. സഭ തന്നിലേക്ക് തന്നെ ചുരുങ്ങുകയും പുറത്തേക്ക് പോയി സുവിശേഷം പ്രസംഗിക്കാനുള്ള അതിന്റെ വിളിയെ മറന്നുകളയുകയും ചെയ്യുന്ന ''സഭാത്മകമായ അന്തർമുഖത്വ''ത്തിനെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട് (Evangelii Gaudium നം. 49).

പെന്തക്കോസ്തി ജാഗരണത്തോടനുബന്ധിച്ചുള്ള അദ്ദേഹത്തിന്റെ സന്ദേശത്തിൽ (2013), മാർപ്പാപ്പ ഊന്നിപ്പറയുകയുണ്ടായി:

അടഞ്ഞുകിടക്കുന്ന ഒരു സഭ രോഗിയായി മാറുന്നു... സഭ തന്നിൽ നിന്നുതന്നെ പുറത്തുകടക്കണം. എങ്ങോട്ട് പോകാനായി? അസ്തിത്വത്തിന്റെ പുറംപോക്കുകളിലേക്ക്, അവർ എന്തുതന്നെയായിക്കൊള്ളട്ടെ, അവൾ (സഭ) തീർച്ചയായും പുറത്തേക്ക് നടക്കണം. യേശു നമ്മോടു പറയുന്നു: ''ലോകം മുഴുവനിലേക്കും പോവുക! പോവുക! പ്രഘോഷിക്കുക! സുവിശേഷത്തിന് സാക്ഷ്യം വഹിക്കുക!'' (മർക്കോ. 16:15). എന്നാൽ നാം നമ്മിൽ നിന്നുതന്നെ പുറത്തുകടന്നാൽ എന്താണ് സംഭവിക്കുക? വീടിനു പുറത്തിറങ്ങുകയും തെരുവിലേക്ക് പോവുകയും ചെയ്യുന്ന ആർക്കും സംഭവിക്കാവുന്നതു മാത്രം: ഒരപകടം. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു, കുറച്ച് അപകടങ്ങൾ പറ്റിയ ഒരു സഭയ്ക്കാണ് സ്വയം അടച്ചിരുന്നതുകൊണ്ട് രോഗിയായിത്തീർന്ന സഭയെക്കാൾ മുൻതൂക്കം ഞാൻ നൽകുക.

ലോകം വല്ലാതെ കാംക്ഷിക്കുന്ന പ്രത്യാശയ്ക്ക് സാക്ഷ്യം വഹിക്കാൻവേണ്ടി നമ്മുടെ പ്രവാചകദൗത്യത്തെയും മിഷണറി തീക്ഷ്ണതയെയും പുനരുജ്ജ്വലിപ്പിക്കുന്നതിനുള്ള കാലാനുസൃതമായ ഒരു ഓർമ്മപ്പെടുത്തലാണ് ഈ ജൂബിലിവർഷം.

**e. വളർന്നുകൊണ്ടിരിക്കുന്ന വെറുപ്പും മതപരമായ അസ്വസ്ഥതകളും**

മതങ്ങൾ തമ്മിൽ ഉയർന്നുകൊണ്ടിരിക്കുന്ന സന്ദേഹവും വെറുപ്പും, കേരളത്തിൽ പ്രത്യേകിച്ച് ഒരു പ്രത്യേക മതവിഭാഗത്തോടു വളർന്നുവരുന്ന അസ്വസ്ഥതയുമാണ് നാമിന്ന ഭിമുഖീകരിക്കുന്ന മറ്റൊരു സുപ്രധാനമായ വെല്ലുവിളി. നിർഭാഗ്യവശാൽ ഇത് ചില ക്രൈസ്തവരെ പ്രതിരോധപരവും ചിലപ്പോഴെങ്കിലും ആക്രമണപരവുമായ നിലപാടുകൾ സ്വീകരിക്കുന്നതിലേക്ക് നയിച്ചിട്ടുണ്ട്. വളരെ അടുത്ത കാലത്തായി ക്രൈസ്തവരെ മതമൗലികവാദികളായി ചിത്രീകരിക്കാൻ വേണ്ടി, 'ക്രിസംഘി' എന്ന പരിഹാസപദം ഉപയോഗിക്കപ്പെടുകയും, സമൂഹമാധ്യമങ്ങളിലെ, സ്വയംപ്രതിരോധമെന്ന പേരിലുള്ള തങ്ങളുടെ വിദ്വേഷജനകമായ സംഭാഷണങ്ങളെയും പ്രതികാരനടപടികളെയും ന്യായീകരിക്കാനായി ചിലർ ഞെട്ടിപ്പിക്കുന്ന തരത്തിൽ ഈ പദത്തെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തീർത്തും അക്രൈസ്തവമായ ഇത്തരം പ്രതികരണങ്ങൾ, ക്രിസ്തുവിൽ ''നമ്മുടെ ഭാവി സഹോദരീ സഹോദരന്മാരായി'' കാണേണ്ടിയിരുന്ന ഇതര മതവിശ്വാസികളായ ജനങ്ങളെ അകറ്റിക്കളയുന്നു. സംഘർഷങ്ങൾ വഴിയല്ല മറിച്ച്, നമ്മുടെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും വിശ്വസ്ത സാക്ഷ്യം വഴിയാണ് മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്ക് ആനയിക്കാൻ സാധിക്കുന്നതെന്ന് ഓർത്തുകൊണ്ട്, അവന്റെ കരുണയും സഹാനുഭൂതിയും പ്രതിഫലിപ്പിക്കാനാണ് ക്രിസ്തുവിന്റെ അനുയായികളെന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നത്.

**ഉപസംഹാരം**

2025-ലെ ജൂബിലി വർഷത്തിൽ "Spes Non Confundit' സഭയെ ക്ഷണിക്കുന്നത് അതിന്റെ ദൗത്യത്തെ പ്രത്യാശയുടെയും കരുണയുടെയും നവീകരണത്തിന്റെയും സാക്ഷ്യമായി ആശ്ലേഷിക്കുന്നതിനുവേണ്ടിയാണ്. ക്രിസ്തുവിൽ നമ്മുടെ പ്രത്യാശയെ ഉറപ്പിച്ചുകൊണ്ടും ഇന്നിന്റെ വെല്ലുവിളികളുമായി ഇടപെട്ടുകൊണ്ടും സ്നേഹത്തിന്റെ മൂർത്തമായ പ്രവൃത്തികൾ ജീവിച്ചുകാണിച്ചുകൊണ്ടും ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ വിശ്വസ്ത സാക്ഷികളായിത്തീരാൻ നമുക്ക് സാധിക്കും. ക്രിസ്തുവാണ് നമ്മുടെ പ്രത്യാശയെന്ന് പ്രഘോഷിക്കാനും നമ്മുടെ മിഷണറി തീക്ഷ്ണതയെ വീണ്ടും കണ്ടെത്താനും ലോകത്തിൽ പ്രത്യാശയുടെ സാക്ഷികൾ എന്ന നിലയിലുള്ള നമ്മുടെ ഉത്തരവാദിത്തത്തെ നവീകരിക്കാനും ഈ ജൂബിലി വർഷം നമ്മെ വിളിക്കുന്നു.

*മലയാള വിവർത്തനം : ഡീക്കൻ സെബാസ്റ്റ്യൻ പുച്ചെടിവിളയിൽ*



www.malankaralibrary.com





# இறையன்பில் வலுப்பட



**Pasily & Rathinadas**
*Suvisesha Sangam,*
*Marthandam Eparchy, Kollencode Dist.*

இயேசுவுக்கே புகழ், மரியே வாழ்க. எனது பெயர் பசிலி எனது கணவர் பெயர் ரெத்தினதாஸ். நாங்கள் மார்த்தாண்டம் மறை மாவட்டத்தை சார்ந்த கிராத்தூர் பங்கை சார்ந்த வர்கள். இந்த நற்செய்தி சங்க வகுப்பில் வருவ தற்கு முன் குடும்பத்தில் அடிக்கடி விபத்துக்கள், நோய்கள் போன்ற பிரச்சினைகள் இருந்து வந்தது. அருட்தந்தை சஜித் அவர்களின் வழிகாட்டுதலால் இந்த வகுப்பில் நாங்கள் கலந்து கொண்டோம். இந்த வகுப்பில் எங்களை இணைத்துக் கொண்ட தால் தனிமனித சுத்தி கரிப்பு குறித்து நல்ல ஆழ மான கருத்துக்களை கேட்டு அதன் அடிப்படை யில் எங்கள் வாழ்வை மாற்றியமைக்கவும். திருப் பலி மற்றும் அருளடை யாளங்களில் முழுமையாக எங்களை இணைத்து க்கொள்ளவும் முடிகிறது. சோதனை வேதனை எது வந்தாலும் கிறிஸ்து நம்மை கைவிடமாட்டார் என்ற ஆழமான விசுவா சத்தில் பயணிக்க முடிகிறது. வீட்டில் அனுதின மும் ஒளியேற்றி விவிலியம் வாசிக்கும் பழக்கம் உருவாகியது. மலங்கரை சபை வரலாற்றைப்பற்றி தெரியாத கருத்துக்கள் நிறைய அறிய முடிந்தது. குடும்ப வாழ்வில் சண்டை சக்கரசவின்றி நிம்ம தியாக ஜெபவாழ்வில் வளர முடிகிறது. ஆலய காரி யங்களில் முழுமையான ஈடுபட முடிகிறது. யாராவது எதாவது தேவையில் இருந்தால் அவர் களுக்காக ஜெபிக்கவும், ஆறுதல் வழங்கவும், உதவிக்கரம் நீட்டவும் முடிகிறது. ஒருவர் ஒரு வருடைய குறைகளைப்பெரிதுப் படுத்தாமல் பொறுமை யோடும், அன்போடும், மன்னித்து ஏற்றுக் கொண்டு வாழ முடிகிறது.

மேலும் அருட்தந்தை பெனடிக்ட் அவர்கள் நற்செய்தி சங்க உறுப்பினர்கள் ஒவ் வொருவரும் ஐந்து காரியங்கள் கண்டிப்பாக கடைபிடிக்க வேண்டும். அவை 1. வேளை செபங்கள் 2. அருளடையாளங்களில் பங்கே ற்றல் 3. திரியேற்றி விவியம் வாசித்தல் 4. நோன்பு உபவாசம் 5. சாட்சிய வாழ்வும் சான்று வாழ்வும்.

இந்த காரியங்களை கண்டிப்பாக கடை பிடிக்க வயுறுத்தும் விதங்களும் அடுத்த வகுப் பிற்கு வரும்போது அதை எவ்விதம் நடைமுறை ப்படுத்தினீர்கள் என்பதை அனுபவ பகிர்வின் மூலம் சொல்ல வைப்பது தனிமனித சுத்திகரிப் பிற்கும், சாட்சிய வாழ்வுக்கும் சான்று வாழ்வுக்கும் எங்கள் வாழ்வை அழைத்து செல்ல வழிகாட்டியது. இறைவார்த்தை ஆண்டில் திருவிவியத்தை எப்படி புனிதமுள்ள முறையில் வாசிப்பது என்பதை ஏழுபடி நிலைகளில் அதாவது 1. ஆயத்தம் 2. விவி லியத்தை சத்தமாக வாசித்தல் 3 விளக்குதல் 4. செபம் (வாசித்தப்பகுதியை அடிப்படையாக வைத்து வாசித்தல்) 5. ஆழமான செபம் 6. அபிஷேக செபம் 7. செயல்பாடு (வாசித்த பகுதிக்கேற்ப வாழுதல் மற்றும் அடுத்த கூட்டத்திற்கு வரும்போது அதைப்பற்றி காட்சி சோல்லுதல்) தெள்ளத்தெளிவாக எங்களுக்கு அருட்சகோதரி மேரி பிரசாத் அவர்கள் விளக்கி கூறியதோடு முறையான பயிற்சியினையும் நல்கியதால் பல மக்களுக்கு இதை எங்களால் பகிரவும் அருள்வாழ்வியங்களிலும், வீடுக ளிலும் இதனடிப்படையில் கருத்துக்களைப் பகிரவும். முறையான பயிற்சிக்கொடுக்கவும், விவிலியத் தோடு நெருங்கிய ஓர் உறவும் ஏற்பட்டுள்ளது. மேலும் அருட்சகோதரி அவர்கள் புத்தியும், மனசாட்சியும், இதயமும் எப்பொழுதும் தூய்மை யாக வைத்திருக்க வழிகாட்டு வதாய் அமைந்தது. அருட்சகோதரி ரீத்தா கிரேஸ் அவர்கள் தூய ஆவியின் துணையின்றி நாம் விவியம் வாசிக்க முடியாது. எனவே தூய ஆவியின் துணைக் கொண்டு விவியம் வாசிக்கும் மனநிலை அவர் களின் வகுப்பிருந்து கிடைத்தது. மேலும் 28.06.2025 அன்றைய தினம் எமது மார்த்தாண்டம் மறைமாவட்ட மேதகு ஆயர் வின்சென்ட் மார் பவுலோஸ், ஜோஸ்வா மார் இக்னாத்தியோஸ், கூரியா ஆயர் மார் சில்வானயோஸ் ஆகிய மூன்று ஆயர்களின் தலைமையில் கைவைப்பு ஆசீர்வாதம் கிடைத்தபோது தூய ஆவியின் பிரசன்னத்தில் மனதிற்குள் சொல்ல முடியாத மகிழ்ச்சி உருவானது. மேலும் கிறிஸ்துவின் நற்சாட்சிகளாய் வாழ வேண்டும் என்ற எண்ண மும் உண்டானது. கடந்த இரண்டு வருடங்களாய் நற்செய்தி சங்க வகுப்பில் எங்களை முறையாக தயாரித்த அனைவருக்கும் கோடி நன்றிகள்.



# நற்செய்தி சங்க பயிற்சி அனுபவம்

**Prof. Angel Felix**
*Suvisesha Sangam, Marthandam Eparchy, Kollencode District*

நான் கொல்லங்கோடு மறைவட்டத்தில் நடந்த நற்செய்தி சங்க பயிற்சி வகுப்பிற்கு முதல் வரும்போது பைபிள் பற்றிய வகுப்பு களை மட்டுமே சொல்த் தருவார்கள் என்ற எண்ணத்தொடுதான் வந்தேன். அன்றைய நாள் சுமார் 85 பேர் வந்திருந்தார்கள். மேதகு ஆயர் அந்தோணி மார் சின்வானியோஸ் ஆயர் அவர்கள் நற்செய்தி சங்கம் பற்றியும் உறுப்பின ர்கள் செய்ய வேண்டிய பணிகளை பற்றியும் மிகச்சிறந்த முறையில் துவக்க வகுப்பை எடுத்தார். தொடர்ந்து அருட்தந்தை பெனடிக்ட் OIC அவர்கள் நற்செய்தி சங்கத்தை தொடர்பு படுத்தி வகுப்புகளை எடுத்தார். ஒவ்வொரு மாதமும் நடைபெறும் வகுப்புகளை அருட் சகோதரி மேரி பிரசாத் அவர்கள் தலைமையில் விவிலயத்தை பற்றியும், மலங்கரை ஆராதனை பற்றியும் குடும்பங்களில் எவ்வாறு ஜெப வாழ்வு வாழ்வது பற்றியும் விவியத்தை தியான வாசிப்பு முறையில் எவ்வாறு வாசிக்க வேண்டும் என்றும் ஒவ்வொரு வகுப்புகளிலும் செய்முறை வடிவில் எடுத்து கூறினார்கள். எனவே இவ்வகுப்புகளில் கலந்து கொண்ட பிறகு பல அனுபவங்களை என் வாழ்வில் பெற முடிந்தது. நான் நற்செய்தி சங்க வகுப்புகளுக்கு வரும் முன்னர் நான் எல்லோரும் கூறுவது போன்று ஜெபிபதுண்டு. ஆனால் இந்த வகுப்புகளில் கலந்து கொண்ட பிறகுதான் உண்மையாக நான செய்த ஜெபமும் நான் பங்குகொண்ட திருப்பயின் நிலையை அறிய முடிந்தது. இவ்வகுப்புகளில் நான் கலந்து கொள்ளும் முன்பு 5 முதல் 10 நிமிடங்கள் மட்டுமே என்னால் ஜெபிக்க முடிந்தது. தற்பொழுது 2 முதல் 3 மனிநேரம் ஜெபிக்க முடிகிறது. விவியத்திருந்து ஒரு வசனம் மட்டுமே வாசித்துக் கொண்டிருந்தேன். இப்பொழுது 1 முதல் 2 அதிகாரம் வரை உள்ளுணர்வோடு வாசிக்க முடிகிறது. நோன்பு, உபவாசம் எதுவும் முன்னாடி சரியாக கடை பிடிப்பது இல்லா. ஆனால் வகுப்புகளில் கலந்து கொண்ட பிறகு நோன்பு, உபவாசத்தின் அரு மையை உய்த்துனர்ந்து செயலாக்கம் கொடுக்க முடிகிறது. எதற்கெடுத்தாலும் முன்னாடி கோபப் படுகிற நான் பயிற்சிக்கு பிறகு கோபத்தை கட்டுப்படுத்த முடிந்தது. ஆணவம், அகங்காரம் என்னிடத்தில் இருந்ததை இனம் கண்டு கொண்டு அவற்றை போக்க முடிந்தது. எளிமை உணர்வு வெளிப்பட ஆரம்பித்து விட்டது. எல்லா முடிவும் தன்னிச்சையாக எடுத்த நான் தற்பொழுது இறைவன் தருகிற முடிவை கேட்டறிந்து செயல்படுத்த முடிகிறது. விவிலியத்தை தியாக வாசிப்பு முறையை குடும்பத்தில் செயல்படுத்த துவங்கியதால் எனது சிறு பிள்ளைகள் கூட என்னோடு சேர்ந்து ஜெபிக்க ஆரம்பித்தார்கள். இதை பார்க்கும் போது எனக்கு எல்லையில்லா ஆனந்தம் கிடைக்கிறது. நற்செய்தி சங்க உறுப்பினராக மாறி அதன் சட்ட திட்டங்களை செயல்படுத் தியதால் என்னுடைய குடும்பம் ஒருங்கிணைந்து வளர்வதை உணர முடிகிறது. முற்காலங்களில் எந்த அளவு ஜெபிக்கிறோமோ அந்த அளவு துன்பங்கள சந்தித்ததால் கிறிஸ்துவை மறுத்து பேசியிருக்கிறேன். ஆனால் சுவிசேஷ சங்க த்தில் ஜெபம் செய்ய கற்றுத்தந்தபிறகு ஜெபித் தாலும் வருகிற துன்பத்தில் மகிழ்ச்சியையும், மனநிறைவையும் காண முடிகிறது. ஒவ்வொரு நாளுமுள்ள வாழ்க்கை மனநிறைவை தருகிறது. இதற்கு முன் எதிரிகளாக செயல்பட்டவர்கள் நற்செய்தி சங்க செயல்திட்டங்களுக்கு ஏற்ப வாழுவதால் நண்பர்களாகிவிட்டனர். இத னால் மிகச் சிறந்த முறையில் சான்று வாழ்வு வாழ என்னால் முடிகிறது. அருட்சாதன வாழ்வு வாழத் துவங்கியதால் என் அகம் தூய்மை அடையவும், நான் என்னையே அடயாளம் கண்டு சுய தூய்மை அடைய உதவுகிறது. என் விசுவாச வாழ்வு இதற்கு முன்னால் கேள்விக் குறியாகவே இருந்து வந்தது. இப்போது என்ன நேர்ந்தாலும் என் விசுவாச வாழ்வில் நெறிபிற ழாமல் வாழ முடிகிறது. இதற்கு முன்னால் என்னுடைய பணிதளங்களில் சரியாக பொறுப்புணர்ந்து செயல்பட்டதில்லை. ஆனால் தற்பொழுது பிறர் என்னை பாராட்டும் விதமாக நடந்து கொள்ள முடிகிறது. எல்லாரோடும் நல்லுறவில் வாழ முடிகிறது. நல்லதொரு வழிகாட்டியாகவும், ஆன்மீக வாழ்வு வாழவும், செயல்படுத்தவும் எனக்கு முடிகிறது. எனவே என்னுடைய ஆதங்கம் நான் இப்பயிற்சியை எனது 44-வது வயதில் பெற்றுக் கொண்டேன். இந்த பயிற்சியை எல்லோரும் முன்கூட்டி பெற்றுக் கொண்டால் எல்லோருடைய வாழ்வும் முன்கூட்டியே உயர்வடையும் என்பதே. எனவே இப்பயிற்சியை திருமண வயது எட்டியவுடன் பெற்றுக் கொண்டால் இன்னும் சாலச் சிறந்ததாக அமையும். எனவே இந்த வயதிலாவது நான் பெற்றுக்கொள்ள எனக்கு வழிகாட்டியாக இருந்த அன்றைய பங்குத் தந்தை இராபின்சன் அடிகளாருக்கு எனது நன்றிகள். அருட்தந்தை. பெனடிக்ட் OIC, அருட்சகோதரி மேரி பிரசாத், முன்னாள் கைவைப்பு கிடைத்த நற்செய்தி குழு உறுப்பினர்கள் எங்களை எல்லா வழிகளிலும் தயாரித்த அனைவருக்கும் நன்றியை ஜெபத்துடன் உரிமையாக்குகிறேன்.

**അനുഭവസാക്ഷ്യം**



# എന്റെ കണ്ണ് തുറപ്പിച്ച ഫിയാത്ത് മിഷൻ മഹാമേള 2025

**മഞ്ജുഷ**
*പത്തനംതിട്ട ഭദ്രാസനം സുവിശേഷസംഘാംഗം 4-ാം ബാച്ച്*

2025 ഏപ്രിൽ 30-ന് ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ് ക്യാമ്പസിൽ ഫിയാത്ത് മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന മിഷൻ മഹാസമ്മേളനം GGM-ൽ ഞാനും അമ്മയും എന്റെ കുഞ്ഞും പങ്കെടുത്തു. ആ സമ്മേളനത്തിൽ സുവിശേഷസംഗമത്തി നായി ഒരു വേദി ഉണ്ടായിരുന്നു.

പ്രഭാതത്തിൽ അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവിന്റെ മുഖ്യകാർമി കത്വത്തിൽ സീറോ മലങ്കര ക്രമത്തിൽ വിവിധ ഭാഷകളിൽ അർപ്പിച്ച പരിശുദ്ധ കുർബാന യോടുകൂടി അന്നത്തെ ശുശ്രൂഷകൾ ആരം ഭിക്കുകയുണ്ടായി.

തുടർന്ന് സമ്മേളന വേദിയിൽ അഭി വന്ദ്യ അന്തോണിയോസ് പിതാവ് ഉത്ഘാ ടനകർമ്മം നിർവ്വഹിക്കുകയും പരിപാടി കൾക്ക് ബഹുമാനപ്പെട്ട സിസ്റ്റർ മേരി പ്രസാദ് നേതൃത്വം നൽകുകയും ചെയ്തു.

മിഷൻ മഹാസമ്മേളനത്തിന്റെ മുഖ്യ ആകർഷണം വിവിധ മിഷനുകളെപ്പറ്റിയുള്ള മിഷൻ പ്രദർശനമായിരുന്നു. ഇതുവരെ കേട്ടിട്ടില്ലാത്തതും അറിഞ്ഞിട്ടില്ലാത്തതുമായ ക്രിസ്ത്യൻ മിഷനറിമാരുടെ ത്യാഗോജ്ജ്വ ലമായ മിഷൻ അനുഭവങ്ങൾ കേൾക്കു വാനും കാണുവാനും എനിക്ക് സാധിച്ചു.

ഫിയാത് മിഷന്റെ മുഖ്യധാരയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രണ്ടു ബ്രദേഴ്സ് അവരുടെ ശുശ്രൂഷകളെപ്പറ്റി വിശദമായി സംസാരിച്ചു. അവരുടെ ഉയർന്ന ജോലി, നല്ല ശമ്പളം, ഉന്നത പദവി ഇവയൊക്കെ ഉപേ ക്ഷിച്ച് മറ്റുള്ളവർക്കുവേണ്ടി, ലോകത്തിനു വേണ്ടി കർത്താവിന്റെ സന്നിധിയിൽ മാധ്യ സ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ചപ്പോൾ ദൈവം ഇവരുടെ ജീവിതങ്ങളെ ഏറ്റെടുത്തുകൊണ്ട് ദൈവത്തിന്റെ ശക്തമായ ഉപകരണങ്ങളാക്കി മാറ്റി, മുഴുവൻ സമയവും മിഷണറിമാരായി പ്രവർത്തിക്കുന്നു. അവരുടെ കീഴിൽ ഒട്ടനവധി സുവിശേഷകർ ലോകമെമ്പാടും പ്രവർത്തി ച്ചുകൊണ്ടിരിക്കുന്നു. ദൈവത്തിനു വേണ്ടി സമയവും ആരോഗ്യവും സമ്പത്തും ഒക്കെ മാറ്റിവയ്ക്കുമ്പോൾ ദൈവം അവരുടെ കുടും ബങ്ങളിലെ കുറവുകളെ സമൃദ്ധികൊണ്ട് നിറവു കൊടുക്കുന്നു. ഒന്നിനും കുറവില്ലാതെ അവരെ പരിപാലിക്കുന്നു.

വിവിധ ഭാഷകളിൽ ബൈബിൾ അച്ച ടിച്ച് ഈശോയെ അറിയാത്ത മക്കൾക്കായി ലോകത്തിന്റെ പല മിഷൻ പ്രദേശങ്ങളിലും വിതരണം ചെയ്യുന്നു.

ഒരു പ്രേഷിതൻ പ്രശ്നങ്ങൾ ഉള്ളിട ത്തേക്കാണ് പോകേണ്ടത്. വി. സൈഫര്യലേ പനം എന്ന കൂദാശയിലൂടെ ക്രിസ്തുവിന്റെ പടയാളികളായിത്തീരുന്ന നാം എപ്പോഴും ഒരു യോദ്ധാവിനെപ്പോലെ അരമുറുക്കി ഒരു ങ്ങിയിരിക്കണം. തടസ്സങ്ങളെ മധ്യസ്ഥ പ്രാർത്ഥനയിലൂടെ തകർക്കണം.

ഞാൻ മനസ്സുവച്ചാൽ എനിക്കും ഈശോ യുടെ ഒരു നല്ല പ്രേഷിതയായിത്തീരാൻ സാധിക്കും എന്ന് അവരുടെ അനുഭവങ്ങളിലൂടെ മനസ്സിലാക്കുവാൻ സാധിച്ചു.

ദൈവത്തെ അന്ധമായി വിശ്വസിക്കു കയും ആശ്രയിക്കുകയും ചെയ്തുകൊണ്ട് സഹോദരങ്ങളെ നമുക്കും മധ്യസ്ഥപ്രാർത്ഥന ആരംഭിക്കാം. നമുക്കുവേണ്ട ആത്മശക്തി പരിശുദ്ധാത്മാവ് നൽകട്ടെ എന്ന് പ്രാർത്ഥി ക്കുന്നു.

www.malankaralibrary.com





തേൻകനിക്കോട്ടൈ മിഷൻ സന്ദർശനം



ത്രിപുര മിഷൻ സന്ദർശനം





# പോപ്പ് ലിയോ പതിനാലാമന്റെ ഉദ്ധരണികൾ

**മാർപാപ്പ സ്ഥാനത്തെപ്പറ്റി –** വിശുദ്ധ പത്രോസ് തുടങ്ങി ഞാൻ വരെ എല്ലാവരും ദൈവത്തിന്റെ ദാസന്മാരാണ്.

**വാക്കുകളെപ്പറ്റി –** വാക്കുകളെ ആയുധമാക്കാതിരുന്നാൽ നമുക്ക് ലോകത്തെ ആയുധങ്ങളിൽ നിന്ന് രക്ഷിക്കാനാവും.

**ഐക്യത്തിന്റെ അഭാവത്തെപ്പറ്റി –** 'ഐക്യത്തിന്റെ അഭാവം സഭ അനുഭവിക്കുന്ന ഒരു അതീവ വേദനാജനകമായ മുറിവാണ്.

**സമാധാനത്തെപ്പറ്റി –** സമാധാനം നിർമ്മിക്കപ്പെടുന്നത് ഹൃദയങ്ങളിലാണ്. അഹങ്കാരവും വൈരാഗ്യ ബുദ്ധിയും ഇല്ലാതാക്കുന്നതിലൂടെയും വാക്കുകൾ ശ്രദ്ധാപൂർവ്വം ഉപയോഗിക്കുന്നതിലൂടെയും നമുക്ക് സമാധാനം നിർമ്മിക്കാം

**മതത്തെപ്പറ്റി –** മതാനുഭവം ഒരു മനുഷ്യ വ്യക്തിയുടെ ജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു മാനം തന്നെയാണ്. മതാനുഭവം ഇല്ലാതെ ഒരു വ്യക്തിക്ക് തന്നെത്തന്നെ നിർമ്മലമാക്കാനും സന്തുലിതമായ മനുഷ്യബന്ധങ്ങൾ പണിതുയർത്താനും സാധിക്കുകയില്ല.

**നല്ല സുഹൃത്ത് ബന്ധങ്ങളെപ്പറ്റി –** സൗഹൃദം എന്ന അനുഗ്രഹം നമ്മെ ഏറ്റവും കൂടുതൽ അടുപ്പിക്കുന്നത് യേശുവിലേക്ക് തന്നെയാണ്. സന്തുലിതമായ സൗഹൃദങ്ങൾ ജീവിതത്തെ മനോഹരമാക്കുന്നു. ദൈവം നമുക്ക് തരുന്ന ഏറ്റവും വലിയ സമ്മാനം തന്നെയാണ് ആത്മാർത്ഥമായ സുഹൃത്ത് ബന്ധങ്ങൾ.

**കുരിശു ചുമന്ന് മുന്നോട്ടു നീങ്ങുന്നതിനെപ്പറ്റി –** ധീരത നാം സ്വന്തമാക്കുക തന്നെ വേണം. മെല്ലെ വളരുന്ന ഒരു സുകൃതമാണ് ധീരത. ഓരോ പരീക്ഷണവും നമ്മെ കൂടുതൽ കരുത്തരാക്കി മാറ്റുന്നു. യേശുവിന്റെ കുരിശു ചുമന്നു കൊണ്ടാണ് നാം മുന്നോട്ട് നീങ്ങേണ്ടത്.

**ദൈവവിളിയെ പറ്റി –** കർത്താവ് വിളിക്കുമ്പോൾ ഒരു 'യെസ്' പറയാൻ നാം ഭയക്കരുത്. സമർപ്പണ ജീവിതത്തിനുവേണ്ടി കർത്താവ് വിളിക്കുമ്പോൾ ഹൃദയം തുറക്കാനും നാം ഭയക്കരുത്.

**നിലനിൽപ്പിനെപ്പറ്റി –** നിലനിൽപ്പിനുവേണ്ടിയുള്ള കൃപയ്ക്കുവേണ്ടി നാം പ്രാർത്ഥിച്ചു കൊണ്ടിരിക്കണം. കാരണം പ്രതിസന്ധികൾ നിറഞ്ഞ നിമിഷങ്ങളിൽ നിന്ന് ഒരാളും വിമുക്തരല്ല.

**നല്ലിടയനായ യേശുവിനെപ്പറ്റി –** നല്ല ഇടയൻ ആളുകളോട് കൂടെ ചേർന്ന് നടക്കുന്നു. ആളുകളുടെ ഏറ്റവും അടുത്ത് നിൽക്കുന്നു. അവരെ ഒരിക്കലും ഒറ്റയ്ക്കാക്കി നടന്നു പോവുകയില്ല.

**സഭയുടെ ദൗത്യത്തെപ്പറ്റി –** സുവിശേഷാധിഷ്ഠിതമായി ഒരു സഭ എങ്ങനെയാണ് മുന്നോട്ട് നീങ്ങേണ്ടത് എന്ന് നാം പരിശോധിക്കണം. പാലങ്ങൾ പണിഞ്ഞുകൊണ്ട് എല്ലാവരോടും ആശയവിനിമയം നടത്തിക്കൊണ്ട് കരങ്ങൾ തുറന്നു പിടിച്ച് എല്ലാറ്റിനോടും തുറവിയോടുകൂടെ കരുണയോടെ ദൈവത്തിന്റെ സ്നേഹത്തിന്റെ ഒരു സാന്നിധ്യമായി സഭ മാറണം.

**വിശുദ്ധ മറിയത്തെപ്പറ്റി –** വിശുദ്ധയായ മറിയം എപ്പോഴും നമ്മോടൊപ്പം നടക്കാൻ ആഗ്രഹിക്കുന്നു. അമ്മ നമ്മോട് ചേർന്നാണ് നിൽക്കുന്നത്. നമ്മെ എപ്പോഴും സഹായിക്കാനും നമുക്കുവേണ്ടി പ്രാർത്ഥിക്കാനും നമ്മെ സ്നേഹിക്കാനും സന്നദ്ധതയുള്ള ഒരു അമ്മയാണ് വിശുദ്ധ കന്യകാമറിയാം.

**യേശുവിനെപ്പറ്റി –** നമ്മൾ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരാണ്. യേശു നമുക്ക് മുമ്പേ നടക്കുന്നു. ലോകത്തിന് യേശുവിന്റെ പ്രകാശം അത്യാവശ്യമാണ്. മനുഷ്യന് ദൈവസ്നേഹത്തിലേക്ക് എത്താനുള്ള ഒരു പാലമാണ് യേശുക്രിസ്തു.



തയ്യാറാക്കിയത് : **ഡോ. ജോജു ജോൺ**
ഭദ്രാസനതല സുവിശേഷസംഘാംഗം
തിരുവനന്തപുരം മേജർ അതിഭദ്രാസനം






**സൂസൻ ജോർജ്**
18/02/2025
**തിരുവനന്തപുരം**



**സി. ഫ്രാൻസിലിൻ**
25/02/2025
**മാർത്താണ്ഡം**



**ജോൺ മുണ്ടപ്ലാക്കൽ**
08/04/2025
**ബത്തേരി**



**ജോൺ ചെറിയാൻ**
21/04/2025
**ഡൽഹി - ഗുഡ്ഗാവ്**



**റ്റി. ഏബ്രഹാം മോഹൻ**
20/05/2025
**പത്തനംതിട്ട**



**വർഗ്ഗീസ് ജോയ്**
07/06/2025
**പത്തനംതിട്ട**



**സി. മരീന**
26/07/2025
**തിരുവല്ല**

Printed and Published by Fr. Benedict Moozhikkara OIC, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 8281512877 Email : suvi.sangam21@gmail.com. Printed at St. Joseph's Press, Trivandrum-14